# THE CHURCH WEEKLY

| Vol. VIII. | SUNDAY 28TH NOVEMBER 1954 | PRICE 2 ANNAS A COPY | NO. 47 |
|---|---|---|---|


## CHRISTUS IMPERATOR


Father Laurence S. Jackson, M. A., L. Th,. H. C. F.


### II

Before him lay the "via dolorosa" the sorrowful way. It was a way of shame, of anguish, of humiliations, and death, and he found it difficult to accept, but he said. "Not my will," O Father, 'but thine be done" And the Father answered his Son with the strengthening angels. So he took the vinepress of the wrath of God, to save an erring race.

We also shrink from pain and discipline, but do we face it as the Master did? Men to-day, want an easy religion, which will make little or no demand from them. But Christ does not offer his followers that kind of profession To follow him still entails self-denial, and it means bearing the cross after him, like the patient Simon of Cyrene who toiled after the Lord along the sorrowful way and whose heart became changed by his sharing with Christ the weight of the cross.

The Christian life begins and ends with the Cross. At our baptism we receive the Holy Sign: at our burial, before the earthly remains are hidden from sight until the resurrection day, the Holy Sign is traced thereupon, in sure and certain hope of the resurrection to immortality.

In our baptism we were linked to Christ so that we become as close to him, as our finger is to our hand, and our hand to our arm and so to our whole body, and the entire body is consecrated to our Lord by the holy sign. We became part of our Master, and we must make his cross not only on ourselves but on our possessions, in other words it means that ourselves and our belongings are hallowed for the service of God and humanity.

In the gospel-story of our Lord's life we find that he was constantly called upon to face opposition, and therefore we his followers, must be prepared to endure the same every day of our life.

There are people who say that it is not possible to live the Christian life in the world. It is true that no man can be a perfect follower of Christ, but S. Paul, though he acknowledges himself to be the 'chiefest of sinners'. Yet in the next breath, cries: "I can do all things through Christ who strengtheneth me."

There is the story of Mr. Marsden, a methodist missionary, who managed to reach China, when that country was a closed land (even as it almost is, to-day). He could not travel in a British ship because that was not allowed. So he went to America, and sailed from that land The Captain of the ship one day said to this passenger. "Do you think that you can do anything in that forbidden country?" And the reply came: "I can't but God can" Mr. Masden lived many years in China. He worked at a trade and never appeared to practise his religion openly. But he learnt the language and made translations of the scriptures. When he died, he left behind him one catechist and his work, 'The open Bible.' On this foundation grew up the flourishing Christian Church of the future and even to-day, despite the existing setbacks, the Church remaineth.

So whatever our individual difficulties may be, we can grow in grace from day to day, and the test of our progress will be: "Am I a better Christian to-day than I was this time last year?"

And the church our mother is given to us as our guide and helper throughout our earthly pilgrimage. She will help us if we pray, and make use of the means of Grace, as the Sacraments are called. Of these there are seven and seven is the perfect number. As Christ calls us to a life of perfection, so he gives to us channels of divine grace to enable us to reach that blessed state. The Sacraments are ready to our hand, and our Mother meets us with them and with other holy ordinances at every stage of our earthly progress.

She will enable us to have the knowledge that within us is the power of the risen Lord. She will teach us, that by service, we can forget ourselves and show love one to another and we shall learn that those who love most are capable of giving most.

Contemplate Christ's love, as shown by his earthly life. Do you think he found it easy to live as an outcast among men? Do you think he found it easy to preach to those who hated and despised him? Do you think he found it easy to suffer the piercing of the nails and thorns, and the thrust of the spear, to endure the agony, darkness and desolation of the Cross? Yet he accepted it all for the joy that was set before him—the joy of giving salvation to the earthly children whom he himself had fashioned.

Where did he find this fortitude? Surely in the unity existing bet-

ween himself and his divine Father. And the secret of its maintenance lay in the silent vigils upon the hill-tops when the Saviour spent long hours in prayer and contemplation. Likewise prayer is the very essence of Christianity.

And how did Jesus prepare for his ministry, but by the long fast of forty days within the wilderness of Judea. It was only by the virtue of self-denial, strengthened by prayer and meditation, that the Lord was able to face and endure the desolation which lay before him.

So with the Christian. Within the Catholic Church, there is prepared the whole armour of God. Our Mother, following the divine precepts teaches her children to fast, and to discipline their lives. Also she nurtures them with the spiritual food of the Lord's providing. In the Blessed Sacrament, the Holy Qurbana, the Lord's risen and glorified life is imparted to earthly bodies, and his flesh and blood hidden in earthly members, giving physical and spiritual strength to their beings. The very veins of men are filled with the quickening vitality of the God-Man. For as ordinary food strengthens the body, so does the heavenly food nourish the spirit of man which is eternal.

Remember at the Altar we come face to face with our Lord, and there, beholding him with the eye of faith, there comes to us something of the joy for which the Saviour laboured.

But we can only approach him by the way of penitence, and therefore it is so essential that we shall present ourselves to him with the sure knowledge of sin forgiven. So again Mother Church shows us the way. She offers us the Sacrament of absolution. It is not easy to confess our faults and failings to a fellow sinner. And yet, we consult our earthly physicians without inhibition. I think this is because we do not regard the priest as a spiritual physician. I know people who will not frequent the confessional because they have had some difference with their parish priest, so weeks and months go by, and no confession is made, and no communion is given. Our people need to learn that the priest is the "channel of divine grace" through whom the knowledge of forgiven sin (absolution) is obtained. So no petty difference should keep us away from the mercy seat. We should seek to remember that the words uttered by the priest are the words of the heavenly absolver, who made this possible by virtue of his life-giving death upon Calvary's tree.

And our Master will always come to meet us, but only if we turn our faces and our lives towards him. If our tribulations and difficulties are laid at the foot of the Cross, and left there, we can then proceed along the way that leadeth from the earth to heaven conscious of his help and succour. He is even in our midst, and as I began with his words, so do I end: "Be of good cheer, I have overcome the world."

അസ്സീസ്സിയിലെ ഫ്രാൻസിസ് 22

# ദൈവത്തിന്റെ കളിപ്പാട്ടം

(എം. കുര്യൻ ബി. എസ്‌സി., കോതമംഗലം)

ലാളിത്യം ജീവിതത്തെ മിക്കപ്പോഴും സുന്ദരമാക്കിത്തീർക്കുന്നുണ്ട്. വിനയം അതിനേറ്റതായ സുഷമകൊണ്ട് ജീവിതത്തെ മധുരോദാരമാക്കുന്നു. ജീവിതത്തിന്റെ എല്ലാവശങ്ങളിലും ഈ രണ്ടു സ്വഭാവവിശേഷങ്ങൾ ഒത്തു മേളിച്ച വ്യക്തികൾ വളരെ ദുർലഭമായിട്ടേ പ്രപഞ്ചത്തിൽ പ്രത്യക്ഷപ്പെടാറുള്ളൂ. ഒരു പക്ഷെ, അക്കൂട്ടരെ സമചിത്തതയോടെ സ്വീകരിച്ചു, കൂടെ കൊണ്ടുപോകുന്നതിന്, വിരളിപിടിച്ചു വ്യഗ്രത പൂണ്ട ആധുനിക സമുദായത്തിനുള്ള അപ്രാപ്തിയായിരിക്കാം അതിന് ഒരു കാരണം.

സ്വഭാവത്തിലും പെരുമാററത്തിലും മേധാശക്തിയിലും പരമ ലളിതനും അതിവിനീതനുമായ ഒരു യുവാവാണ് ജൂണിപ്പർ. ചെരുപ്പുനന്നാക്കലാണ് തൊഴിൽ. അതിനുള്ള ഉപകരണങ്ങൾ ശേഖരിച്ച ഒരു സഞ്ചി സദാ തോളത്തു തൂങ്ങിക്കൊള്ളും. കൗശലങ്ങളും സൂത്രങ്ങളും ജൂണിപ്പറെ ഭയന്ന് ഒരു തീണ്ടൽ അകലെ മാറിയേ നിൽക്കൂ. സദുദ്ദേശ പ്രേരിതനായ ആ യുവാവ് ചെന്നു തൊട്ടതു മിക്കവാറും മണ്ടത്തരങ്ങൾ തന്നെയായിരിക്കും. ആ മണ്ടത്തരങ്ങൾക്ക് സുന്ദരമായ ഒരു ആസ്വാദ്യതയുണ്ട്; നിർമ്മലമായ ഉദ്ദേശത്തിൽ നിന്ന് ഉറവെടുത്തുവെന്നതാണതിനു കാരണം. എന്തെങ്കിലും തെററു ചെയ്തു, അതു് തെററാണെന്നു മനസ്സിലായിക്കഴിയുമ്പോഴേക്കും, ആ യുവഹൃദയം പശ്ചാത്താപഭരിതമാകും. ആ ക്ഷമാസമ്പന്നതയും പ്രസാദാത്മകതയും വിനയത്തിനും മുമ്പിൽ സഹോദരങ്ങൾ കുററം ക്ഷമിക്കാൻ ഉദ്യുക്തരാവും; ചില ഘട്ടങ്ങളിൽ അവർക്കു ചിരിവന്നുവെന്നും വരാം.

ഫ്രാൻസിസിന് ഏററവുമധികം പ്രിയപ്പെട്ട ഒരു സഹോദരനാണ് ജൂണിപ്പർ. മന്ദബുദ്ധിയും ഹൃദയവിശാലതയും ദ്യോതിപ്പിക്കുന്ന അനേക സംഭവങ്ങൾക്കു കാരണഭൂതനാണ് ആ യുവാവ്. ഫ്രാൻസിസിനു ജൂണിപ്പറിന്റെ നേർക്കു് ഒരു പ്രത്യേക വാത്സല്യവും ബഹുമാനവും തോന്നി. ദൈവത്തിന്റെ കളിപ്പാട്ടം എന്നാണ് ക്ലാരാ ജൂണിപ്പറെ വിളിച്ചിരുന്നത്.

ആ യുവാവിന്റെ ലളിത ഹൃദയം പാവപ്പെട്ടവർക്കും നിരാശ്രയർക്കും വേണ്ടി സദാ വേദനപ്പെട്ടിരിക്കും. ഭിക്ഷ ചോദിക്കുന്നവരോട് നിഷേധരൂപത്തിൽ മറുപടി പറയുക ജൂണിപ്പറിനു പരമസങ്കടമാണ്. മറെറാന്നുംകൊടുക്കാനില്ലെങ്കിൽ, സ്വന്തം വസ്ത്രം ഊരി കൊടുത്തുകളയും. അനേകപ്രാവശ്യം ജൂണിപ്പർ വസ്ത്രരഹിതനായി താമസസ്ഥലത്തു തിരിച്ചെത്തീട്ടുണ്ട്. പാവപ്പെട്ട ആർക്കെങ്കിലും സംഭാവന നൽകിയതായിരിക്കാം. ഫ്രാൻസിസും മററു സഹോദരങ്ങളും ആദ്യമാദ്യം ക്ഷമയോടെ സഹിച്ചു. ഇതു തുടർന്നു പോകാൻ അനുവദിക്കുക അസാദ്ധ്യമായിത്തോന്നി. ഇനിയും വസ്ത്രം ഉരിഞ്ഞു കൊടുത്തു കൂടെന്ന് അവർ അനുശാസിച്ചു. ഏതാനും ദിവസം കഴിഞ്ഞു. ഒരു ദരിദ്രൻ വഴിയിൽവച്ച് ജൂണിപ്പറെ തടഞ്ഞു. ഭിക്ഷയിരന്നു. അയാൾ ശരീരത്തിൽ വസ്ത്രമെന്നു പറയത്തക്കയാതൊന്നുംതന്നെ അണിഞ്ഞിരുന്നില്ല.

ജൂണിപ്പറുടെ ഹൃദയം അനുകമ്പാർദ്രമായി: "ഞാൻ ധരിച്ചിരിക്കുന്ന അങ്കിയല്ലാതെ എന്റെ കൈവശമൊന്നും തന്നെയില്ല. അതുകൊടുത്തു കളയരുതെന്ന് എന്നോടാജ്ഞാപിച്ചിട്ടുമുണ്ട്. എന്നാൽ നിനക്കതു് ഊരിയെടുത്തു കൊള്ളാമെങ്കിൽ, ഞാൻ നിന്നെ തടസ്സപ്പെടുത്തുന്നില്ല."

ഭിക്ഷുവിനോട് രണ്ടാമതു പറയേണ്ട അവശ്യമുണ്ടായില്ല അയാൾ ഝടുതിയി

ൽ അങ്കി ഊരി കൈവശപ്പെടുത്തി. ആ നല്ല മനുഷ്യൻ വീണ്ടും നഗ്നശരീരനായി വീട്ടിലേക്കു നടന്നു. "സത്യസന്ധനായ ഒരു മനുഷ്യൻ എന്റെ അങ്കി ഊരിയെടുത്തു, അതും കൊണ്ടു നടന്നു നിന്നു," ജൂണിപ്പർ സഹോദരങ്ങളോട് പറഞ്ഞു.

ജൂണിപ്പർ വീട്ടുസൂക്ഷിക്കുന്ന ദിവസങ്ങളിൽ എന്തെങ്കിലും സാധനങ്ങൾ പുറത്തിട്ടിട്ടുപോകുന്നതു് സുരക്ഷിതമല്ലെന്നു് സഹോദരങ്ങൾക്കു ബോദ്ധ്യമായി. പുസ്തകങ്ങളോ പള്ളിസാമാനങ്ങളോ, എന്തായാലും വേണ്ടില്ല, കൈയിൽ കിട്ടുന്നതു് പാവപ്പെട്ടവർക്കു് എടുത്തു കൊടുക്കും. ചിലപ്പോൾ ചില സുന്ദരചിന്തകൾ ജൂണിപ്പറുടെ മനസ്സിൽ സ്ഥലം പിടിക്കും. അതു് എല്ലായ്പോഴും ശരിയായിക്കൊള്ളണമെന്നില്ല.

കുശിനിപ്പണി അന്നൊരു ദിവസം ജൂണിപ്പരുടെ തവണയായിരുന്നു. ഒരു ചിന്ത തലച്ചോറിനുള്ളിൽ വെട്ടിത്തിളങ്ങി. എന്തിനു് ദിവസവും ആഹാരം പാകപ്പെടുത്തുന്നു? രണ്ടാഴ്ചത്തേക്കാവശ്യമുള്ളതു മുഴുവൻ ഇന്നുതന്നെ വേവിച്ചു വച്ചാലെന്താണു്? തന്റെ ബുദ്ധിശക്തിയിൽ ജൂണിപ്പറിനു തന്നെ സമ്മതം തോന്നി. സഹോദരന്മാർ വരുമ്പോൾ അവരെല്ലാം തന്നെ അനുമോദിക്കാതിരിക്കയില്ല. അവിടെക്കണ്ട ഭക്ഷ്യപദാർത്ഥങ്ങളെല്ലാം കൂട്ടിക്കുഴച്ചു് ഒരു പാചക കൃത്യവും ഉടൻതന്നെ നടത്തി. സഹോദരന്മാർ വന്നു് ഭക്ഷണത്തിനിരുന്നു. എന്തിനു്! ദാരിദ്ര്യക്കളരിയിൽവിദഗ്ദ്ധാഭ്യസനം നടത്തിയ അവർക്കു പോലും അതു് അകത്താക്കാൻ പ്രയാസപ്പെടേണ്ടി വന്നു.

ഒരു ദിവസം ജൂണിപ്പർ അവരുടെ ചാപ്പലിൽ പ്രാർത്ഥിച്ചു കൊണ്ടിരിക്കുകയാണു്. ഒരു പാവപ്പെട്ട സ്ത്രീ ഭിക്ഷ യാചിച്ചു കൊണ്ടു് വാതില്ക്കലോളം വന്നു. എന്തുകൊടുക്കാനാണു്? ജൂണിപ്പർ അമ്പരന്നു. ക്രിസ്തുമസ്സു് അടുത്തുവരുന്നതേയുള്ളു. ചാപ്പലെല്ലാം മനോജ്ഞമായി അലങ്കരിച്ചിരുന്നു. ആരോ ഒരാൾ സംഭാവന നൽകിയ ഒരു സ്വർണ്ണകമ്പളം ത്രോണോസിന്മേൽ വിരിച്ചിരുന്നു. അതിന്റെ അരികിനു ചുറ്റും വെള്ളിമണികൾ തൂങ്ങി കിടക്കുന്നുണ്ടു്.

"നമുക്കു് വെള്ളിമണികളില്ലെങ്കിലും വി. കുർബാന അർപ്പിക്കാമല്ലോ. അവ അനുപേക്ഷണീയമൊന്നുമല്ല," ഇങ്ങനെയാണു് ജൂണിപ്പറുടെ ചിന്ത. ഒട്ടും അമാന്തിച്ചില്ല. യുവാവു് നേരെ നടന്നു ചെന്നു, ആ വെള്ളിമണികളെല്ലാം മുറിച്ചെടുത്തു് ഭിക്ഷാംദേഹിയായ പാവപ്പെട്ട സ്ത്രീക്കു നൽകി.

ചാപ്പൽ സൂക്ഷിപ്പിനു ചുമതലപ്പെട്ട സഹോദരൻ ആഹാരം കഴിക്കുകയായിരുന്നു. ജൂണിപ്പർ മാത്രമേ ചാപ്പലിലുള്ളുവെന്നും, അയാളെ തനിയെ വിടുന്നതു് അത്ര പന്തിയല്ലെന്നും പെട്ടെന്നു് ആ യുവാവിനു ഓർമ്മവന്നു. ഭക്ഷണം പൂർത്തിയാക്കാതെ വിട്ടെച്ചു് ആ സഹോദരൻ എഴുന്നേറ്റു് ഓടി. എന്തൊരു കാഴ്ച! മനോഹരമായ സ്വർണ്ണ കംബളം അവിടവിടെ മുറിച്ചിട്ടിരിക്കുന്നു; വെള്ളിമണികളൊന്നും കാണാനില്ല. ജൂണിപ്പറാകട്ടെ, ചാരിതാർത്ഥ്യം സ്ഫുരിക്കുന്ന വദനത്തോടെ പ്രാർത്ഥന കഴിക്കുകയാണു്. ജൂണിപ്പർ പറഞ്ഞു: "സഹോദരാ, മണികളെപ്പറ്റി വിഷമിക്കേണ്ട. വളരെ ആവശ്യമായിരുന്ന ഒരു ദരിദ്ര സ്ത്രീക്കു് ഞാനവ മുറിച്ചു കൊടുത്തു കഴിഞ്ഞതേയുള്ളു. ഇവിടെയാണെങ്കിൽ അവ വെറുതെ കാഴ്ചയ്ക്കുമാത്രമല്ലേ ഉപകരിക്കൂ?"

രോഷാകുലനായ ചാപ്പൽ സൂക്ഷിപ്പുകാരൻ കീറിക്കിടക്കുന്ന കംബളവുമായി സുപ്പീരിയറുടെ മുമ്പിലെത്തി. ഫ്രാൻസിസിന്റെ മരണശേഷമാണു് ഈ സംഭവം നടക്കുന്നതു്. അന്നു് ഫ്രാൻസിസ് ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ, അദ്ദേഹം കുറേക്കൂടി കരുണയോടെ ജൂണിപ്പറോടു പെരുമാറുമായിരുന്നിരിക്കണം. ഒരു പക്ഷേ ആ പരിതഃസ്ഥിതിയിൽ ഫ്രാൻസിസും ജൂണിപ്പർ ചെയ്തതു തന്നെ ചെയ്യുമായിരിക്കാനിടയുണ്ടു്. എന്നാൽ അന്നത്തെ സുപ്പീരിയറിനു കഠിനമായ കോപമുണ്ടായി. സഹോദരസന്യാസിമാരെയെല്ലാം വിളിച്ചു കൂട്ടി അവരുടെ മുമ്പിൽ വച്ചു് അദ്ദേഹം ജൂണിപ്പറുടെ മണ്ടത്തരത്തെ അപലപിച്ചു. കോപകലുഷിതനായി ദീർഘനേരം ശകാരവർഷം ചൊരിഞ്ഞതിന്റെ ഫലമായി അദ്ദേഹത്തിന്റെ സ്വരം പതറിത്തുടങ്ങി. തന്റെ അപമാനത്തെപ്പറ്റിയൊന്നും ഉത്തമനും ലളിതസ്വഭാവിയുമായ ജൂണിപ്പർ ചിന്തിച്ചതേയില്ല. സുപ്പീരിയറുടെ "കാറിയ തൊണ്ട" മാത്രമായിരുന്നു ജൂണിപ്പറെ അലട്ടിയ ഏകചിന്ത.

അന്നുരാത്രി കുറേ ഇരുട്ടിക്കഴിഞ്ഞപ്പോൾ സുപ്പീരിയറുടെ വാതിൽക്കൽ ആരോ മുട്ടി. ഉറക്കത്തിൽ നിന്നുണർത്തിയതിൽ ഈർഷ്യാകലുഷിതനായ അദ്ദേഹം എഴുന്നേറ്റു വാതിൽ തുറന്നു. അവിടെ പുറത്തു്, തണുപ്പത്തു്, ഒരു കൈയിൽ ഒരു മെഴുകുതിരിയും മറ്റേ കൈയിൽ ആവിപൊങ്ങുന്ന ഒരു പാത്രം കഞ്ഞിയുമായി ജൂണിപ്പർ നിൽക്കുന്നു.

"എന്താണിതു്?" സുപ്പീരിയർ അസുഖം സ്ഫുരിക്കുന്ന സ്വരത്തിൽ ചോദിച്ചു.

"എന്റെ പിതാവേ, അങ്ങു് ഇന്നെന്നെ ശകാരിച്ചപ്പോൾ അധികം സംസാരിക്കേണ്ടിവന്നതിനാൽ അവിടത്തെ തൊണ്ട കാറി, ശബ്ദം ഇടറുന്നതു ഞാൻ കണ്ടു. അതുകൊണ്ടു് ഞാൻ പോയി. ഈ കഞ്ഞി അവിടുത്തെ പേർക്കായി പ്രത്യേകം തയാറാക്കുകയായിരുന്നു. ദയചെയ്തു് ഇതു കുടിച്ചാലും. അവിടത്തെ നെഞ്ഞിനും തൊണ്ടയ്ക്കും ആശ്വാസം കിട്ടും."

"മനുഷ്യരെ ഉപദ്രവിക്കാൻ കണ്ട പാറിയ സമയം തന്നെ" സുപ്പീരിയർ വീണ്ടും ശകാരഭാവത്തിലാണു്.

ജൂണിപ്പർ പ്രതിവചിച്ചു. "പിതാവേ, ഇതു് ഞാൻ അവിടുത്തേക്കുവേണ്ടി ഉണ്ടാക്കിയതാണു്. ഇനിയും ബഹളമൊന്നും കൂട്ടാതെ ഇതു കുടിച്ചാലും. നിശ്ചയമായും ഇതു അങ്ങേയ്ക്കു ഗുണം ചെയ്യാതിരിക്കയില്ല."

"ഇപ്പോൾ എനിക്കു് യാതൊരു ആഹാരവും വേണ്ടാ? നീ നിന്റെ പാട്ടിനു പോവുക. ഞാനൊന്നു വിശ്രമിച്ചു കൊള്ളട്ടെ."

ജൂണിപ്പർ പരാജയം സമ്മതിക്കാനൊരുക്കമില്ല. പ്രശാന്തസ്വരത്തിൽ അദ്ദേഹം പറഞ്ഞു. "എന്റെ പിതാവേ അങ്ങേയ്ക്കുവേണ്ടിയുണ്ടാക്കിയ ഈ കഞ്ഞികുടിക്കാൻ അങ്ങേയ്ക്കു വിസമ്മതമാണെന്നു വരുകിൽ, ഒരുപകാരം ചെയ്തു തരിക.—അങ്ങു് ഈ മെഴുതിരി ഒന്നു പിടിച്ചു തന്നാൽ' ഇതു ഞാൻ തന്നെ കുടിച്ചുകളയാം."

സുപ്പീരിയർ എന്തുചെയ്യാനാണു്? ജൂണിപ്പറിന്റെ സദ്ഗുണങ്ങളും കരുണാർദ്രതയും പ്രസന്നതയുമെല്ലാം അദ്ദേഹത്തിന്റെ ഓർമ്മയിൽ വന്നു. ഉദയസൂര്യന്റെ ഉഗ്രരശ്മികൾക്കു മുമ്പിൽ തുഷാരബിന്ദുക്കളെന്നോണം, സുപ്പീരിയറുടെ കോപഭാവം ഉരുകിയൊലിച്ചുപോയി. അവരിരുവരും സന്തോഷത്തോടെ ആ കഞ്ഞി പങ്കു വച്ചു കഴിച്ചു.

ജൂണിപ്പറിനു സദൃശനായി മറ്റൊരു സഹോദരൻ ഫ്രാൻസിസിന്റെകൂടെ ഉണ്ടായിരുന്നില്ല. പലപ്പോഴും ഉപദ്രവങ്ങൾ വരുത്തി വയ്ക്കുമായിരുന്നെങ്കിലും എല്ലാവർക്കും ജൂണിപ്പറെ ഇഷ്ടപ്പെട്ടു. ആ സഹോദരൻ ഹിതകരവും ഉപദ്രവകരവുമായ എന്തെങ്കിലും പ്രവർത്തിക്കുമ്പോൾ, ഫ്രാൻസിസ്, വാൽസല്യപൂർവം തന്റെ സഹോദരനെ നോക്കി, ഇപ്രകാരം പറയും. "എനിക്കു് ഒരു വനം നിറയെ ഇത്തരം ജൂണിപ്പർമാർ ഉണ്ടായിരുന്നുവെങ്കിൽ!"

യുവജനപംക്തി 8

# സുവിശേഷങ്ങളുടെ സാമുദായിക പശ്ചാത്തലം

ഫലസ്തീൻ നാട്ടിലെ ഭരണകർത്താക്കളെക്കുറിച്ചാണല്ലോ നാം പഠിച്ചുകൊണ്ടിരുന്നത്. ഇനിയും അവരുടെ ഭരണത്തിനു വിധേയരായിരുന്ന യഹൂദജാതിയെക്കുറിച്ച് നമുക്കു ചിന്തിക്കാം. യഹൂദന്മാരുടെ ജീവിതം മുഴുവനും പരിപൂർണ്ണമായി അവരുടെ മതത്തെ കേന്ദ്രീകരിച്ചാണിരുന്നത്. ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജാതിയാണു തങ്ങളെന്ന് അവർ വിശ്വസിച്ചിരുന്നു. ഈ ബഹുമാനം മറ്റൊരു ജാതിക്കും ഇല്ലായിരുന്നു. അതുകൊണ്ട് ഒരു വിദേശരാജാവിന്റെ അടിമകളായിരിക്കുകയെന്നുള്ളതും കപ്പം കൊടുക്കുന്നതും ഏറ്റവും ശോചനീയവും ലജ്ജാകരവുമായി അവർ കതിയിരുന്നു. (MK. 12: 14) ദാവീദിന്റെയും ശലോമോന്റെയും ഭരണകാലങ്ങളും അടുത്ത കാലത്തു നടന്ന മക്കാബിയക്കാരുടെ ധീരകൃത്യങ്ങളും ഓർക്കുമ്പോൾ അവരുടെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ചു വലിയ പ്രയാസം തോന്നാറുണ്ട്. എന്നാൽ അവർക്കു പ്രചോദനം നൽകിയിരുന്ന ഒരു കാര്യമുണ്ടായിരുന്നു. അതായത് മശിഹാ വരുമെന്നും രാജ്യം യഥാസ്ഥാനപ്പെടുത്തുമെന്നുമുള്ള അവരുടെ പ്രത്യാശ. ദാവീദിന്റെ വംശത്തിൽ നിന്നും ഒരു രാജാവ് എഴുന്നേല്ക്കുമെന്നും അവനിൽ കൂടി കർത്താവു തന്റെ രാജ്യം സകല ജാതികൾക്കും മീതെ സ്ഥാപിക്കുമെന്നും പ്രവാചകന്മാർ മുൻകൂട്ടി പറഞ്ഞിരുന്നു.

മശിഹാ വരുന്നതുവരെ യഹൂദജാതിയുടെ തലവൻ മഹാപുരോഹിതൻ ആയിരുന്നു. അവരുടെ രാഷ്ട്രീയജീവിതത്തിന്റെ കേന്ദ്രമായിരുന്നത് യരുശലേം ദേവാലയമാണ്. ഇവിടെ വർഷംതോറും പെരുനാളുകളിൽ സംബന്ധിക്കുവാനായി ഫലസ്തീൻ നാട്ടിൽ നിന്നു മാത്രമല്ല ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള യഹൂദ സമുദായങ്ങളിൽ നിന്നു അനേകായിരം തീർത്ഥാടകന്മാർ വരികയും ദൈവത്തെ ആരാധിക്കയും ചെയ്തിരുന്നു. മാർബിളും പൊന്നുംകൊണ്ടു തിളങ്ങിയിരുന്ന അതിമനോഹരമായ ഈ ദേവാലയം യഹൂദന്മാരുടെ പ്രീതി സമ്പാദിക്കുവാനായി മഹാനായ ഹേരോദാവ് പണിയിച്ചുകൊടുത്തതാണ്. എന്നാൽ ഈ മനോഹരതയുടെയും മഹിമയുടെയും അടിയിൽ നീചവും വെറുക്കത്തക്കതുമായ അനേക കാര്യങ്ങൾ മറഞ്ഞുകിടപ്പുണ്ടായിരുന്നു. പ്രധാനപ്പെട്ട പുരോഹിതന്മാരെല്ലാം സ്ഥാനമഹിമയ്ക്കും പണത്തിനും വേണ്ടി തങ്ങളെത്തന്നെ റോമാക്കാർക്കു വിറ്റുകളഞ്ഞിരുന്നു. പ്രധാനപ്പെട്ട ഏതാനും കുടുംബക്കാരാണു ദേവാലയത്തിന്റെ ഭരണചക്രം തിരിച്ചിരുന്നത്. അവരിൽ നിന്നൊരാളെ റോമാഗവർണ്ണർ മഹാപുരോഹിതനായി നിയമിക്കുകയും ആവശ്യമെന്നു തോന്നുമ്പോൾ അയാളെ സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തിരുന്നു. ഈ കുടുംബങ്ങളെല്ലാം സാമ്പത്തികമായി വളരെ ഉയർന്ന നിലയിലാണു കഴിഞ്ഞിരുന്നത്. അവരുടെ പണത്തിന്റെ ഭൂരിഭാഗവും കിട്ടിയിരുന്നത് ദേവാലയത്തിന്റെ പ്രാകാരങ്ങളിൽ നടത്തിയിരുന്ന ചന്തയിൽ നിന്നുമാണ്. യേശുക്രിസ്തു ദേവാലയശുദ്ധീകരണം നടത്തിയപ്പോൾ ഈ വലിയ വരുമാനം അവർക്കു നഷ്ടപ്പെടുകയാണു ചെയ്തത്. അതുകൊണ്ടാണ് പുരോഹിതന്മാർക്കു തന്നോടു നീരസം തോന്നി തന്നെ വധിക്കണമെന്നു നിശ്ചയിച്ചത്. കർത്താവിന്റെ കാലത്തു യഥാർത്ഥത്തിൽ മഹാപുരോഹിതൻ കയ്യാഫാ ആയിരുന്നു. എന്നാൽ അധികാരവും ജനസ്വാധീനവും കൂടുതലുണ്ടായിരുന്നത് ഹന്നാവിനായിരുന്നു. ആദ്യം മഹാപുരോഹിതനായിരുന്ന ഹന്നായെ പീലാത്തോസ് സ്ഥാനഭ്രഷ്ടനാക്കിയെങ്കിലും തന്റെ സ്ഥാനം നഷ്ടപ്പെട്ടതല്ലാതെ ജനസ്വാധീനവും മറ്റും അശേഷം നഷ്ടപ്പെട്ടിരുന്നില്ല. ജനങ്ങളെല്ലാം അദ്ദേഹത്തെ മഹാപുരോഹിതനെന്നു തന്നെയാണു വിളിച്ചിരുന്നത്.

ഈ പുരോഹിതന്മാരെല്ലാം സാദൂക്യരെന്ന മതവിഭാഗത്തിൽ പെട്ടവരായിരുന്നു. മതപരമായ കാര്യങ്ങളിൽ അവർ വളരെ യാഥാസ്ഥിതികന്മാരാണ്. അവരുടെ ഏറ്റവും വലിയ പ്രത്യേകത ഉയിർത്തെഴുന്നേല്പിൽ വിശ്വസിച്ചിരുന്നില്ലെന്നുള്ളതാണ്. എന്നാൽ വാസ്തവത്തിൽ ദൈവികകാര്യങ്ങളിൽ അവർക്കുള്ള താല്പര്യം വളരെ കുറവായിരുന്നു. റോമാക്കാരുമായുള്ള കൂട്ടുകെട്ടുമൂലം ഭൗമികമായ തങ്ങളുടെ സ്ഥാനമാനങ്ങൾ പരിരക്ഷിക്കുന്നതിലാണ് അവർ കൂടുതൽ ശ്രദ്ധപതിപ്പിച്ചിരുന്നത്.

സാദൂക്യരുടെ ഏറ്റവും വലിയ ശത്രുക്കൾ പരീശന്മാരായിരുന്നു. മക്കാബിയക്കാരുടെ കാലത്തു സ്വാതന്ത്ര്യത്തിനുവേണ്ടി സമരം നടത്തിയ ഹസിഡിക്കാരുടെ (Hasidians) പിൻഗാമികളായിരുന്നു. അവർ ന്യായപ്രമാണം ഒരു വള്ളിയും പുള്ളിയും തെറ്റാതെ പാലിക്കുവാൻ ശ്രമിച്ചിരുന്നു. അവരുടെ വേഷവിധാനവും മറ്റുംകൊണ്ടു മറ്റുള്ളവരിൽ നിന്നും തിരിച്ചറിയുവാൻ എളുപ്പമാണ്. ഒരു പരീശനായി ജീവിക്കുകയെന്നുള്ളത് അത്ര എളുപ്പമുള്ള കാര്യമല്ല. അതുകൊണ്ടു സാധാരണ ജനങ്ങൾ അവരെ വളരെയധികം ബഹുമാനിച്ചിരുന്നു. അവരിൽ പലരും അഹങ്കാരികളും കപടഭക്തന്മാരും ആയിത്തീർന്നതിൽ അതിശയിപ്പാനില്ലല്ലോ. പുനരുത്ഥാനത്തെക്കുറിച്ചുള്ള വിശ്വാസത്തിൽ മാത്രമല്ല അവർക്കു സാദൂക്യരോടു വിരോധമുണ്ടായിരുന്നത്. പ്രത്യുത റോമാക്കാരുമായുള്ള അവരുടെ ബന്ധത്തെയും പരീശന്മാർ വെറുത്തിരുന്നു.

യഹൂദന്മാർക്കു സ്വയംഭരണത്തിനുള്ള പല അധികാരങ്ങളും റോമാക്കാർ നൽകിയിരുന്നു. മരണശിക്ഷയൊഴിച്ചു ജനങ്ങളുടെ മേൽ മറ്റു പല അധികാരങ്ങളുമുണ്ടായിരുന്ന സന്നദ്രീം സംഘത്തിന്റെ അവകാശങ്ങളെ അവർ വിലമതിച്ചിരുന്നു. ഈ രണ്ടു മതവിഭാഗങ്ങളും തമ്മിൽ എപ്പോഴും പോരാട്ടം നടത്തിയിരുന്ന ഒരു യുദ്ധക്കളമായിരുന്നു ഈ കൗൺസിൽ. പൊതുശത്രുവായ യേശുവിനെ ശിക്ഷിച്ചു വധിക്കുന്നതുപോലുള്ള അവസരങ്ങളിൽ മാത്രമേ അവർ ഏകാഭിപ്രായത്തിൽ എത്തിയിരുന്നുള്ളു.

സ്വാതന്ത്ര്യം സമ്പാദിക്കുന്നതിനുള്ള മാർഗ്ഗത്തെ സംബന്ധിച്ചു ദേശീയവാദികൾ തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. ഒരു കൂട്ടർ ഭീകരപ്രവൃത്തികൾ നടത്തപ്പെട്ടു. സ്വാതന്ത്ര്യം സമ്പാദിക്കണമെന്നു വാദിച്ചു. ഇവരെ എരിവുകാരെന്നാണു വിളിച്ചിരുന്നത്. മശിഹാ വന്നു തങ്ങളെ നയിക്കുന്നതുവരെ ക്ഷമയോടെ കാത്തിരിക്കേണ്ടതാണെന്നും മറ്റേ കൂട്ടർ വാദിച്ചു. വാളിന്റെ വായ്ത്തലയാൽ റോമാക്കാരെ തോല്പിക്കുന്ന ഒരു ഭൗമികരാജാവായിട്ടാണ് മശിഹായെ അവർ മനസ്സിലാക്കിയിരുന്നത്. മറ്റൊരു കൂട്ടർ മാനുഷികമായ വാളൊന്നും ആവശ്യമില്ലെന്നും ദൈവം തന്റെ ദൂതഗണങ്ങളുമായി വന്നു തന്റെ ജനങ്ങളുടെ ശത്രുക്കളെ അത്ഭുതകരമായി കൊന്നൊടുക്കുമെന്നും വിശ്വസിച്ചിരുന്നു. ഇങ്ങനെയുള്ള കാര്യങ്ങൾ പ്രതിപാദിച്ചിരുന്ന അനേക പുസ്തകങ്ങളുമുണ്ടായിരുന്നു. അവയ്ക്കു വെളിപാടുകൾ എന്നാണ് പേർവിളിച്ചിരുന്നത്.

# എൻെറ ചിന്താവികസനം

ഫാദർ. വി. സി. സാമുവൽ എം. ഏ. ബി. ഡി.

## അദ്ധ്യായം ഒന്ന്

### പ്രാരംഭം

മലങ്കര സുറിയാനി സഭയുടെ നാനാ ഭാഗങ്ങളിലായി എന്നെ അറിയുകയും സ്നേഹിക്കുകയും ചെയ്യുന്ന പലയാളുകളുണ്ട്. അവരിൽ ചിലർക്കെങ്കിലും കഴിഞ്ഞ ഒരു പത്തുകൊല്ലങ്ങളായി ഞാൻ ചെയ്തു വരുന്ന പ്രവൎത്തനങ്ങളെപ്പററി പല ആശങ്കകളുമുണ്ടായിരുന്നിരിക്കാം. ആ ആശങ്കകൾ നീങ്ങിയില്ലെങ്കിലും എൻെറ പ്രവൃത്തികളുടെ പിമ്പിൽ ഞാൻ കാണുന്ന ആദർശങ്ങൾ അവരെ കൂടെ മനസ്സിലാക്കേണ്ടതാണെന്നുള്ള ബോദ്ധ്യമാണ്, ഈ പ്രസിദ്ധീകരണത്തിനെന്നെ പ്രേരിപ്പിക്കുന്നത്. കൃത്യാന്തരബാഹുല്യങ്ങളാൽ ഇതുവരെയും സാധിക്കാഞ്ഞ ഈ ചുമതല നിൎവ്വഹണം മദ്ധ്യവേനൽക്കാലത്തുകിട്ടിയ അവധിക്കാലമുപയോഗിച്ചു ചെയ്യണമെന്നു കരുതി ഇതിനൊരുമ്പെടുകയാണ്.

കഴിഞ്ഞ ഒരിരുപതു കൊല്ലങ്ങളായി എന്നെ അറിയുന്നവർ എന്നെക്കുറിച്ചു പല കാൎയ്യങ്ങളും കേട്ടിരിക്കും. അവ ചുരുക്കമായി ഇങ്ങിനെ വിവരിക്കാം. ആദ്യമായി മഞ്ഞിനിക്കര ദയറായിൽ ചേർന്നു സുറിയാനി ഭാഷ പഠിക്കുകയും, അതിനെ തുടർന്നു പല കൊല്ലങ്ങൾ ഞാനവിടെ താമസിച്ചു വൈദികവിദ്യാൎത്ഥികളെ പഠിപ്പിച്ചു പോരികയും ചെയ്തു. അതിനുശേഷം കോട്ടയത്തു ചെങ്ങളം പള്ളി വികാരിയായി ഏതാനും കാലം ഞാൻ ആ ജോലി നോക്കി. പിന്നീട് ആലുവാ കോളജിലും, മദ്രാസ് ക്രിസ്ത്യൻ കോളജിലും, ബാംഗ്ളൂർ തീയോളൊജിക്കൽ കോളജിലും ചേർന്നു സൎവ്വകലാശാലാ വിദ്യാഭ്യാസം നിർവഹിച്ചു. ഇപ്പോൾ അമേരിക്കൻ ഐക്യസംസ്ഥാനത്തുള്ള ഒരൊന്നാംകിട വൈദികസെമിനാരിയിൽ ചേർന്നു വേദശാസ്ത്രപരമായ ഉപരിപഠനം കഴിക്കുകയാണ്. എന്നെ സ്നേഹിക്കുന്നവർക്ക് ഈ സംഗതികളൊന്നിനെയും കുറിച്ച് ആശങ്കയ്ക്കു വഴിയില്ല. എന്നാൽ സുറിയാനിസഭയിൽപ്പെട്ട ചിലർക്കെങ്കിലും എൻെറ ഒന്നുരണ്ടു പ്രവൃത്തികളെക്കുറിച്ചു കുറെ ഉൽക്കണ്ഠ തോന്നിയിരിക്കാം. ആ പ്രവൃത്തികളുടെ പിമ്പിൽ ഞാൻ കാണുന്ന ആദർശമാണ് പ്രത്യേകമായി ചർച്ച ചെയ്യണമെന്നു ഞാൻ വിചാരിക്കുന്നത്.

ഞാൻ പാത്രിയർക്കീസു കക്ഷിവിട്ടു കാതോലിക്കാസു കക്ഷിയിൽ ചേർന്നു. ഞാൻ കാതോലിക്കോസു കക്ഷിയിൽ ചേൎന്നതിനെപ്പററി പാത്രിയർക്കീസു കക്ഷിയിൽപ്പെട്ട എൻെറ സ്നേഹിതന്മാർക്കു നീരസവും, കാതോലിക്കോസു കക്ഷിയിലുള്ളവർക്ക് ഒരു പക്ഷേ സന്തോഷവും ഉണ്ടായിരിക്കാം. കാതോലിക്കോസു കക്ഷിക്കു പട്ടത്വസ്ഥാനസാധുത്വം പോലുമില്ലെന്നു ശഠിച്ചുപോന്ന പാത്രിയർക്കീസുകക്ഷിയിലൊരു മല്പാനായിരുന്ന ഞാൻ മറുകക്ഷിയുടെ വൈദിക സ്ഥാനങ്ങൾക്കു യാതൊരു ന്യൂനതയുമില്ലെന്നു പറയുകയും അവരുമായി സഹകരിക്കുകയും ചെയ്തു വരുന്നതിൽ അത്ഭുതപ്പെട്ടു തോന്നിയിരിക്കാം. ചുരുക്കിപ്പറഞ്ഞാൽ പാത്രിയർക്കീസുകക്ഷി മറുകക്ഷിയുടെ ന്യൂനതയായി പറഞ്ഞു വന്ന സർവ്വപ്രധാനമായ വാദം ഞാൻ കൂട്ടാക്കുന്നില്ലായെന്നു പാത്രിയർക്കീസു കക്ഷിക്കു എൻെറ നേരെ പരാതി തോന്നാവുന്നതാണ്. ഈ സാഹചൎയ്യത്തിൽ ചില സംഗതികൾ തുറന്നു പറയണമെന്നു ഞാനാഗ്രഹിക്കുന്നു.

## ബാല്യകാലചിന്താഗതികൾ

മേൽ വിവരിച്ച എൻെറ പ്രവൃത്തി ഞാൻ കാണുന്ന ചില ജീവിതാദർശങ്ങളുടെ പ്രകടനങ്ങൾ മാത്രമാണെന്നാദ്യമെ പ്രസ്താവിച്ചുകൊള്ളട്ടെ. അതു വ്യക്തമാക്കണമെന്നാണ് ഈ പ്രസിദ്ധീകരണം മൂലം ഞാനാഗ്രഹിക്കുന്നത്. ഈ ഉദ്ദേശ്യ നിർവഹണത്തിന് എൻെറ ചിന്തകൾ എങ്ങനെ വികസിച്ചു. അവ ഏതടിസ്ഥാനത്തിൽ പുരോഗമിച്ചു എന്നു വ്യക്തമാക്കേണ്ടതാവശ്യമായി എനിക്കു തോന്നുന്നു. അതിനാൽ ആ സംഗതികളേക്കുറിച്ചു ചിലതു ആദ്യമെ പ്രസ്താവിക്കാം.

പൂർവ്വകാല ജീവിതത്തിലേക്കു തിരിഞ്ഞു നോക്കുമ്പോൾ എൻെറ മനസ്സിൽ നിന്നും മായാതെ നിൽക്കുന്ന ഒരു സംഭവമുണ്ട്. എനിക്കു എട്ടു പത്തു വയസ്സു പ്രായമുള്ള കാലത്തൊരിക്കൽ എൻെറ പിതാവ് എന്നെ അരികെ വിളിച്ചു വേദപുസ്തകത്തിൽനിന്നും ശമുവേൽ പ്രവാചകൻെറ ഒന്നാം പുസ്തകത്തിലെ ആദ്യത്തെ മൂന്നദ്ധ്യായങ്ങൾ വായിപ്പിച്ച ശേഷമതാണ്ടിങ്ങനെ പ്രസ്താവിച്ചു. "നിനക്ക് ശമുവേലെന്ന പേരിട്ടതിനു ഒരു പ്രത്യേക ഉദ്ദേശ്യമുണ്ട്. ആ പേരിൻെറ അൎത്ഥം 'ദൈവം കേട്ടു' എന്നത്രെ. നീ ഒരു ധനാഢ്യനായി തീൎന്നു വാർദ്ധക്യകാലത്തെന്നെ പരിചരിക്കണമെന്നോ, ലോകത്തിൽ പ്രശസ്തനാകണമെന്നോ, അല്ല നിന്നെക്കുറിച്ചു ഞാനാഗ്രഹിക്കുന്നത്. ശമുവേൽ പ്രവാചകനെപ്പോലെ ദൈവത്തിൻെറ ദാസനായി തീൎന്നു ആയുസ്സു പൎയ്യന്തം അദ്ദേഹത്തെ സേവിക്കണമെന്നാണ് എനിക്കു നിന്നെക്കുറിച്ചുള്ള പ്രതീക്ഷ. ആ പ്രതീക്ഷ നിൻെറ ജീവിതത്തിൽ സഫലമാകുന്ന പക്ഷം ഞാനതിയായി സന്തോഷിക്കും". ഈ പ്രസ്താവനയിലടങ്ങുന്ന ആശയം എനിക്കന്നു വ്യക്തമായിരുന്നില്ലായെന്നു പ്രത്യേകിച്ചു പറയേണ്ടയാവശ്യമില്ലല്ലൊ. എങ്കിലും ക്രമേണ അതിൻെറ അർത്ഥം ഞാൻ മനസ്സിലാക്കിപ്പോന്നു. പിന്നീടു പലപ്പോഴും അതിനെക്കുറിച്ചുഞാൻ ചിന്തിച്ചിട്ടുണ്ട്. ചിന്തിക്കുമ്പോഴൊക്കെയും അതെൻെറ മേൽ വളരെ പ്രേരണാശക്തി ചെലുത്തിക്കൊണ്ടിരുന്നു. എനിക്കുത്തമബോദ്ധ്യമുള്ള സംഗതികൾ ഒന്നിനെയും ഭയപ്പെടാതെ തുറന്നു പറയണമെന്നും, കഴിവതുമവയനുസരിച്ചു ജീവിക്കണമെന്നും ഞാൻ മനസ്സുകൊണ്ടു നിശ്ചയിച്ചു. ഈ സംഭവമാണ് എൻെറ ജീവിതത്തിൻെറ അടിസ്ഥാനമായി ഞാൻ കരുതാറുള്ളത്.

ചെറുപ്പം മുതൽക്കെ മതപരമായ കാൎയ്യങ്ങളിൽ എനിക്കു വളരെ അഭിരുചിയുണ്ടായിരുന്നു. അക്കാലത്തൊക്കെയും എൻെറ മതബോധത്തിനു രണ്ടു വശങ്ങളുണ്ടായിരുന്നു: ഒന്ന്, സഭയെക്കുറിച്ചുള്ള എൻെറ അഭിപ്രായഗതി. അതിങ്ങനെ ചുരുക്കമായി വിവരിക്കാം. യേശുക്രിസ്തു ഒരു സഭയെ മാത്രമേ സ്ഥാപിച്ചിട്ടുള്ളു. ആ സഭയുടെ തലവനായി വി. പത്രോസശ്ലീഹായെ നമ്മുടെ കൎത്താവുതന്നെ നിയമിച്ചു. അദ്ദേഹത്തിൻെറ പിൻഗാമിത്വം അന്ത്യോക്യാപാത്രിയർക്കീസിലാണ് നിക്ഷേപിച്ചിരിക്കുന്നത്. അന്ത്യോക്യാ പാത്രിയർക്കീസിൻെറ മേധാവിത്വം സ്വീകരിക്കാത്ത സഭകൾ ഏകസത്യസഭയുടെ വിഭാഗങ്ങളല്ല. അന്നത്തെ എൻെറ അറിവനുസരിച്ച് ഈ യുക്തിവാദമെനിക്കു തൃപ്തികരമായിരുന്നു. ഇതു ഞാൻ നിസ്സംശയം വിശ്വസിച്ചുപോന്നതിനാൽ സാധാരണക്കാരായ ആ

(ശേഷം 8-ാം പേജിൽ)

## വാരപഞ്ചാംഗം

| | നവംബർ | വൃശ്ചികം |
|---|---|---|
| ഞായർ | 28 | 13 |
| തിങ്കൾ | 29 | 14 |
| ചൊവ്വാ | 30 | 15 |
| ബുധൻ | 1 | 16 |
| വ്യാഴം | 2 | 17 |
| വെള്ളി | 3 | 18 |
| ശനി | 4 | 19 |

### Thought for the Week

As the flower turns towards the sun or the dog to his master, so the soul turns to God.

Archbishop Temple.

THE CHURCH WEEKLY

## "മലങ്കരസഭാ സംയോജനം,,

കഴിഞ്ഞ ലക്കം ചർച്ച്‌വീക്‌ലിയിൽ വന്ദ്യ ദിവ്യ ശ്രീ. എം. സി. കുറിയാക്കോസ് റമ്പാൻ അവർകൾ എഴുതിയ ലേഖനം വായനക്കാരുടെ ശ്രദ്ധയിൽ പെട്ടുകാണും. അദ്ദേഹത്തിന്റെ ലേഖനത്തിന്റെ തലക്കെട്ടാണ് ഈ മുഖലേഖനത്തിനും ഞങ്ങൾ കൊടുത്തിരിക്കുന്നത്. മലങ്കരസുറിയാനിസഭയിലെ രണ്ടു കക്ഷികളായി വേർതിരിഞ്ഞിരിക്കുന്ന പാത്രിയർക്കീസുകക്ഷിയിലും കാതോലിക്കാക്കക്ഷിയിലും പെട്ടവരിൽ പലർക്കുമുള്ള ചിന്താഗതിയെ ശരിയായി പ്രതിഫലിപ്പിക്കുന്ന ഒരു ലേഖനമാണ് ബ: റമ്പാച്ചൻ എഴുതിയിരിക്കുന്നത്. അദ്ദേഹത്തെപ്പോലെ ചിന്തിക്കുകയും വാദിക്കുകയും തീരുമാനിക്കുകയും ചെയ്യുന്ന ഒരു സുശക്തവിഭാഗം കാതോലിക്കാ കക്ഷിയിലുണ്ടെന്ന് പാത്രിയർക്കീസു കക്ഷിക്കാർ മനസ്സിലാക്കിവേണം അവർ സമാധാനാലോചനകളിൽ പ്രവേശിക്കുന്നത്. ഒരു പക്ഷേ ആ വിഭാഗത്തിന്റെ തീരുമാനമായിരിക്കാം സന്ധിവ്യവസ്ഥകളുടെ അംഗീകരണമോ, നിഷേധമോ കാര്യമായി നിർണ്ണയിക്കുവാൻ പോകുന്നതെന്ന് ധരിച്ചിരിക്കുന്നതും കൊള്ളാം. ഒരു പ്രശ്നത്തിന്റെ ഗൗരവാവഹമായ വശങ്ങൾ എല്ലാം മനസ്സിലാക്കുന്നത് ആ പ്രശ്ന പരിഹാരത്തിന് ശ്രമിക്കുന്നവർക്ക് സഹായകമായിരിക്കുമെന്ന് കരുതി മാത്രം ആ ലേഖനം ഞങ്ങൾ പ്രസിദ്ധപ്പെടുത്തുവാൻ തീരുമാനിച്ചതാണ്.

ബഃ റമ്പാച്ചൻ ആ ലേഖനത്തിൽ ഉന്നയിച്ചിരിക്കുന്ന കാര്യങ്ങൾ എല്ലാം അതേപടി സ്വീകരിച്ചു സന്ധിക്കു വഴിപ്പെടാൻ പാത്രിയർക്കീസു കക്ഷി തയാറാകാത്തതിന്റെ കാരണം മാർ യൂലിയോസു തിരുമേനിയുടെ സാന്നിദ്ധ്യമാണെന്നും അദ്ദേഹത്തെപ്പോലെ പലരും ചിന്തിക്കുന്നുണ്ട്. പാത്രിയർക്കീസ് പക്ഷത്തും ബ. റമ്പാച്ചന്റെ ചിന്താഗതിയിൽ മറുഭാഗത്തെ വീക്ഷിക്കുന്നവരുള്ളതായി അറിയാം. അവർ വിചാരിക്കുകയും പറയുകയും എഴുതുകയും ചെയ്യുന്നത് കാതോലിക്കാ കക്ഷിയിൽപെട്ട ചില "യൂലിയോസ് മെത്രാന്മാരുടെ" പേരുകളാണ്. അവരുടെ മർക്കടമുഷ്ടിയും ദുശ്ശാഠ്യവുംകൊണ്ടുമാണ് സമാധാനം വന്നുചേരാത്തതെന്ന് പരമാർത്ഥമായി വിശ്വസിക്കുന്ന അനേകരെ കാണുവാൻ സാധിക്കും. ബ. റമ്പാച്ചൻ പറയുന്നത് പുതിയസന്ധിവ്യവസ്ഥകൾ ഒന്നും ആവശ്യമില്ലെന്നാണ്. ചിങ്ങവനം വട്ടമേശ സമ്മേളനത്തിൽ ഐകകണ്ഠ്യേന ചെയ്ത തീരുമാനങ്ങൾ മാത്രം മതിയെന്നാണ് അദ്ദേഹം വിശ്വസിക്കുന്നത്. ചിങ്ങവനത്തെ വ്യവസ്ഥകൾ ഒന്നും പ: കാതോലിക്കാ ബാവാതിരുമേനി സമ്മതിച്ചിട്ടുള്ളതല്ലെന്നു തുറന്ന് പ്രഖ്യാപനം ചെയ്തിട്ടുള്ളതാണ്. ആ വ്യവസ്ഥകൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പഃ പാത്രിയർക്കീസു ബാവാതിരുമേനിക്കു സമർപ്പിച്ചതിന് അദ്ദേഹം നൽകിയ മറുപടി പ്രസിദ്ധമാണ്. ഇങ്ങനെ പരമാദ്ധ്യക്ഷന്മാർ രണ്ടു പേരും ത്യജിച്ച സന്ധിവ്യവസ്ഥകൾ ഉള്ളപ്പോൾ പുതിയ വ്യവസ്ഥകൾ "അനാവശ്യവും അതിനെ ഹനിക്കുന്നവയും അല്ലയോ?" എന്ന് ബ: റമ്പാച്ചൻ ചോദിച്ചുകൊണ്ടാണ് അദ്ദേഹത്തിന്റെ ലേഖനം ഉപസംഹരിക്കുന്നത്. റോമാസഭയുമായി ഇതരസഭകൾ യോജിക്കുമ്പോൾ അവർ അതിനു "പുനരൈക്യം" എന്നാണ് പറയുക. ആർച്ചുബിഷപ്പ് മാർ ഈവാനിയോസും സഹകാരികളും റീത്ത് പ്രസ്ഥാനം നടത്തിയത് പുനരൈക്യ അയിട്ടു പ്രസംഗിച്ചു കേട്ടിട്ടുണ്ട്. ആ പുനരൈക്യത്തിന്റെ ജൂബിലി അടുത്ത കാലത്ത് അവർ ആഘോഷിക്കുവാൻ പോകുകയാണ്. പുനരൈക്യമെന്നു പറഞ്ഞാൽ റോമാ പാപ്പാ പറയുന്നത് സകലതും അനുസരിച്ചു റോമാസഭയിൽ ചേരുന്നതിനെയാണ്. ആ വിധത്തിലുള്ള "ഒരു സംയോജന"മാണ് ബ: റമ്പാച്ചൻ വിവക്ഷിക്കുന്നതെന്ന് അദ്ദേഹത്തിന്റെ ലേഖനത്തിലെ ഓരോ വാചകവും വിളിച്ചുപറയുന്നു. പാത്രിയർക്കീസുകക്ഷിക്കാർക്ക് അങ്ങനെയൊരു സൽബുദ്ധിയുണ്ടാകുമെന്ന് അദ്ദേഹം പ്രതീക്ഷിക്കയും ചെയ്യുന്നു. "മാർ യൂലിയോസ് തിരുമേനി" എന്ന ഒറ്റ പ്രതിബന്ധമേ അതിന് വിലങ്ങുതടിയായി നിൽക്കുന്നുള്ളു. അദ്ദേഹം തിരിച്ചുപോയാൽ സംയോജനം സാധിച്ചുകഴിയുമെന്നുള്ള ആശയിൽ കഴിയുന്ന പലരുണ്ട്. പരമാർത്ഥിയായ റമ്പാച്ചൻ അതു തുറന്നെഴുതിയെന്നേയുള്ളു. ഇതുപോലെ മുമ്പും പല വ്യക്തികളെപ്പറ്റിയും സ്ഥാപനങ്ങളെപ്പറ്റിയും ഇരുകക്ഷിയിലുമുള്ളവർ പരാതി പറഞ്ഞു കേട്ടിട്ടുണ്ട്. സി.ജെ. കുര്യനും, ചാക്കോത്തരകനും മാർ യൂലിയോസ് തിരുമേനിയുടെ ഈ സ്ഥാനം വഹിച്ചിരുന്നു. മറുകക്ഷിക്കാർ വട്ടശ്ശേരിൽ തിരുമേനിയേയും, കെ. സി. മാമ്മൻമാപ്പിളയേയും അതുപോലെ ധരിച്ചിരുന്നു. "ഈ മനോരമയും മാമ്മൻമാപ്പിളയും" ആണ് സമുദായത്തിന് ഈ കുഴപ്പമെല്ലാമുണ്ടാക്കിയതെന്ന് പല ബാവാ കക്ഷിക്കാർ നെഞ്ചത്ത് കൈവച്ചു പറയുന്നതു കേട്ടിട്ടുണ്ട്. മനോരമ ഒൻപതിൽപരം വർഷങ്ങൾ പ്രവർത്തനരംഗത്തുനിന്നു മാറി നിശ്ശേഷ്ടമായി. വട്ടശ്ശേരിൽ തിരുമേനിയും സി. ജെ. കുര്യനും, ചാക്കോത്തരകനും ദിവംഗതരായി. ശ്രീ. മാമ്മൻമാപ്പിള ജയിലിലുമായി. പക്ഷേ ഒരു സമാധാനവും വന്നില്ല. ബ. റമ്പാച്ചനെപ്പോലെയുള്ളവർ ചില ജീവിതവശങ്ങൾ വിസ്മരിച്ചുകളയുന്നുമെന്നു തോന്നുന്നു. ഒരു ചാക്കോത്തരകൻ പോയാൽ പത്തു ചാക്കോത്തരകന്മാർ ആ സ്ഥാനത്തു വന്നു നിരക്കുന്ന സാഹചര്യങ്ങളാണ് നമ്മുടെ ചിന്തയും പ്രസംഗവും, ലേഖനങ്ങളും സൃഷ്ടിക്കുന്നതെന്നു നാം ഓർക്കാറില്ല. മാർ യൂലിയോസ് തിരുമേനിക്കുണ്ടെന്ന് മറ്റുള്ളവർ ആരോപിക്കുന്ന സമാധാനവിരുദ്ധനില അദ്ദേഹത്തെക്കാൾ വിദഗ്ദ്ധമായി പാലിക്കുവാൻ കഴിവുള്ള അടുത്ത തലമുറക്കാരെയാണല്ലോ ഇരുവശത്തും നാം നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ ആരോപണങ്ങളും പ്രത്യാരോപണങ്ങളും കൊണ്ട് നാം ഒന്നും സാധിക്കുവാൻ പോകുന്നില്ല. കാതലായ തത്വങ്ങൾ നാം ആദരിക്കുകയും, അതിൽ അചഞ്ചലമായി നിൽക്കുകയും ചെയ്യുന്നതുകൊണ്ട് പ്രതിപക്ഷത്തിന്റെ ആദരവു നാം സമാർജ്ജിക്കും. അങ്ങനെയുള്ള തത്വങ്ങളെ ഇന്നല്ലെങ്കിൽ നാളെ അവർ സ്വീകരിക്കും. എന്നാൽ ബ. റമ്പാച്ചൻ പ്രദർശിപ്പിച്ചി

രിക്കുന്ന സമീപനരീതി പാത്രിയർക്കീസ് കക്ഷിയും കാതോലിക്കാ കക്ഷിയും തമ്മിലുള്ള അകല്ചയെ ലഘൂകരിക്കുവാൻ സഹായകമല്ലെന്നു ചൂണ്ടിക്കാണിക്കുവാൻ ഞങ്ങൾ സവിനയം ആഗ്രഹിക്കുന്നു. നി. വ. ദി. ശ്രീ മാർ തേവോദോസ്യോസ് തിരുമേനി പലപ്പോഴും പറയാറുള്ള ഒരു കഥയുണ്ടു്. സത്യം മാത്രം പറയുന്ന ഒരു വേലക്കാരൻ ചെറുക്കന്റെ കഥയാണ് അതു്. ഓരോ വീട്ടിൽനിന്നും അവനെ തള്ളിയോടിക്കുകയാണ് പതിവ്. കരഞ്ഞു് വഴിയിൽനിന്ന അവനോട് ഒരു ഗൃഹനായകൻ സഹതാപപൂർവം ചോദിച്ചു "എന്തിനാണ് നീ ഇങ്ങനെ കരയുന്ന"തെന്നു്. "സത്യംപറയുന്നതിനു് എന്നോട് എല്ലാർക്കും വഴക്കാണ്." എന്നായിരുന്നു അവന്റെ മറുപടി. സത്യം പറയുന്ന വേലക്കാരനെന്നു കേട്ടപ്പോൾ ഗൃഹനായകൻ അവനെ വേലയ്ക്കു ലഭിക്കുന്നതു നല്ലതാണെന്നു കരുതി സ്വഗൃഹത്തിലേക്കു ക്ഷണിച്ചു. ഭാര്യയോടു പറഞ്ഞു. "ഇവൻ സത്യം പറയുന്നതിനു് എല്ലാവർക്കും വഴക്കാണ്. സത്യംപറയുന്ന വേലക്കാരെയാണ് നമുക്കു വേണ്ടതു്." ഭാര്യ ഒരു കോങ്കണ്ണിയായിരുന്നു. വേലക്കാരനു കുറച്ചു ചോറു കൊടുത്തു. അതുണ്ടുതീർന്നപ്പോൾ അവൻ പറയുകയാണ്. "കോങ്കണ്ണിക്കൊച്ചമ്മേ! കുറച്ചുചോറുകൂടെതരണം". ഭാര്യയ്ക്കു് അസുഖമായി. ഒരു മകൾക്കു ചട്ടുകാലുണ്ടു്. വേലക്കാരൻ "ചട്ടുകാലി കുഞ്ഞമ്മയുടെ" കാര്യം ഏതോ പറഞ്ഞു. ഇങ്ങനെ അവനെക്കൊണ്ടു് വിഷമിച്ചപ്പോൾ ഗത്യന്തരമില്ലാതെ അവിടെനിന്നും അവനെ പറഞ്ഞയയ്ക്കേണ്ടിവന്നു. ഇതുപോലെയുള്ള സത്യം പറച്ചിൽ 45 കൊല്ലങ്ങൾ വഴക്കുകൂടി കഴിഞ്ഞ സഹോദരവിഭാഗങ്ങൾ തമ്മിൽ സമാധാനമാകുന്നതിനു സഹായകമാണെന്നു ചിലരെങ്കിലും വിശ്വസിക്കുന്നുണ്ടു്. അതു സഹായകമല്ലെന്നും നേരെമറിച്ചു് അതു സമാധാനവിരുദ്ധതയ്ക്കാണ് വഴിതെളിക്കുന്നതെന്നും ഞങ്ങൾ വിശ്വസിക്കുന്നു. ഇരു കക്ഷിയിലും പ്രകോപനപരമായ അഭിപ്രായപ്രകടനങ്ങൾ വരുമ്പോൾ ശാന്തമായി അവയെ സമീപിക്കുവാനുള്ള കഴിവ് ഈശ്വരൻ പ്രദാനം ചെയ്യട്ടെ എന്നു പ്രാർത്ഥിക്കുന്നു. സമാധാനം ആണ് എല്ലാവരുടെയും അഭിലാഷം. അതു സാധിക്കുന്നതിനുള്ള ചിന്തയും, സംസാരവും, ലേഖനവും പ്രാർത്ഥനയും ആണ് ഈ സന്ദർഭത്തിൽ സഭാംഗങ്ങൾ ആഗ്രഹിക്കുന്നതു്.

പ്രതിവാരപ്രഭാഷണം (The Sermon for the Week)

# യേശുവിന്റെ നോട്ടം

എം. ററി

"അപ്പോൾ യേശു തിരിഞ്ഞു പത്രോസിനെ നോക്കി"

(വി. ലൂക്കോസ് 22: 61)

കർത്താവിന്റെ ആ നോട്ടമാണ് പത്രോസിന്റെ കണ്ണുതുറപ്പിച്ചതു്. അതാണ് അവനെ അനുതാപത്തിലേക്കു നയിച്ചതു്. ആ നോട്ടത്തിന്റെ അർത്ഥമെന്താണെന്നും അതിന്റെ ശക്തിയും വിലയും എത്രമാത്രമുണ്ടെന്നും നാം ചിന്തിക്കുന്നതു കൊള്ളാം. നാമെല്ലാവരും തന്നെ അനുതാപം എന്താണെന്നു് അല്പമായിട്ടെങ്കിലും അറിഞ്ഞിട്ടുള്ളവരാണ്. ഏതെങ്കിലും വിധത്തിൽ തെറ്റുചെയ്തിട്ടുണ്ടെന്നും ഇപ്പോഴും തെറ്റുചെയ്തുകൊണ്ടിരിക്കുന്നു എന്നും ബോധമുള്ളവരാണ് മിക്ക ആളുകളും. എന്നാൽ ചിലർ ഈ കാര്യം അത്ര ഗൗരവമായി കരുതുന്നില്ല. മററു ചിലരെ അവരുടെ കുററബോധം വളരെ വേദനിപ്പിക്കുകയും ചെയ്യുന്നു. ദൈവവുമായി ആളത്വ ബന്ധത്തിൽ വന്നിട്ടുള്ള ആളുകൾക്ക് ദൈവത്തിനെതിരായി പാപം ചെയ്തു എന്നുള്ള ബോധം വളരെ മനോവ്യഥ ഉണ്ടാക്കുന്ന ഒന്നാണ്. ഇങ്ങനെയുള്ള പാപഭാരവും മനോവ്യഥയും ചിലപ്പോൾ അസഹനീയമായി തീരുന്നു.

നമ്മെ അനുതാപത്തിലേയ്ക്കു നയിക്കുവാൻ ദൈവം പല മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നു. ചിലപ്പോൾ നാം ചെയ്ത കുററത്തിന്റെ കാഠിന്യം തന്നെ ദൈവത്തിങ്കലേക്കുള്ള നമ്മുടെ തിരിച്ചുവരവിനു സഹായിക്കുന്നു. നാം ഇത്ര മാത്രം അധഃപതിക്കുമെന്നോ ഇത്ര നീചമായ വിധത്തിൽ പെരുമാറുമെന്നോ നമുക്കുതന്നെ മുമ്പു തോന്നിയിരിക്കയില്ല. ചിലപ്പോൾ മററുള്ളവരുടെ മാതൃകാപരമായ ജീവിതമായിരിക്കും നമുക്കു മാനസാന്തരത്തിനിടയാക്കുന്നതു്. നമ്മുടെ സ്വാർത്ഥതയിൽ നിന്നു പിന്മാറുന്നതിനും മുൻകാലത്തെ നമ്മുടെ പ്രതിജ്ഞകളെ പുതുക്കുന്നതിനും അതു നമ്മെ സഹായിച്ചേക്കാം. നമ്മുടെ ജീവിതത്തിലെ ചില പ്രത്യേകഘട്ടങ്ങളോ അനുഭവങ്ങളോ ആയിരിക്കാം നമുക്കു ചിലപ്പോൾ സഹായകരമായി ഭവിക്കുന്നതു്. സന്തോഷവും ദുഃഖവും മററുള്ളവരുടെ ഉള്ളഴിഞ്ഞ സ്നേഹവും പുതിയ ഉത്തരവാദിത്വങ്ങളും ഇവയെല്ലാം നമ്മുടെ ജീവിതത്തിനു ഉണർവ്വും ഉന്മേഷവും നൽകി ആത്മീയമായ പരിവർത്തനം സാധ്യമാക്കിത്തീർത്തെന്നു വരാം. ഇങ്ങനെയുള്ള വിവിധ മാർഗ്ഗങ്ങളിൽ കൂടി ദൈവം നമ്മെ അനുതാപത്തിന്റെ മാർഗ്ഗത്തിലേക്കു വിളിക്കാറുണ്ടു്. എന്നാൽ ഇവയെക്കാളെല്ലാം ഉപരിയായ മറെറാരു മാർഗ്ഗമുണ്ടു്. ആ മാർഗ്ഗമാണ് നമ്മുടെ പ്രത്യേക ചിന്താവിഷയം: യേശുവിന്റെ നോട്ടം.

"യേശു തിരിഞ്ഞു പത്രോസിനെ നോക്കി." കർത്താവു് ആദ്യമായി പത്രോസിനെ കണ്ട അവസരത്തിലും അവനെ സൂക്ഷിച്ചുനോക്കിയതായി പറയപ്പെട്ടിരിക്കുന്നു. അന്ത്രയോസ് അവന്റെ സഹോദരനായ ശീമോനെ യേശുവിന്റെ അടുക്കൽ കൊണ്ടു വന്നു. യേശു അവനെ നോക്കിയിട്ടു് "നീ യോഹന്നാന്റെ മകനായ ശീമോനാണ്. നീ കേപ്പാ, അതായതു് പാറ, എന്നു വിളിക്കപ്പെടും" എന്നു പറഞ്ഞു. ഒററ നോട്ടത്തിൽ യേശു ശീമോന്റെ സ്വഭാവം മനസ്സിലാക്കി. അവന്റെ ശക്തിയും ബലഹീനതയും ഒരുപോലെ ആ ദിവ്യ ചക്ഷുസ്സിനു വെളിപ്പെട്ടു. എന്നാൽ അന്നത്തെ ആ നോട്ടത്തിന്റെയും രണ്ടുമൂന്നു വർഷം കഴിഞ്ഞുള്ള നോട്ടത്തിന്റെയും അർത്ഥം എത്ര വ്യത്യസ്തമാണു ? അന്നത്തെ ആ നോട്ടം ശീമോനെ തിരിച്ചറിയുന്നതിനും തെരഞ്ഞെടുക്കുന്നതിനും പര്യാപ്തമായിരുന്നു. ഇന്നത്തെ നോട്ടം അവനു കുററബോധമുണ്ടാക്കി അവനെ തിരിച്ചു വരുത്തുന്നതിനും പര്യാപ്തമായി. രണ്ടു നോട്ടത്തിലും സ്നേഹം അന്തർഭവിച്ചിരുന്നു.

യേശുവിന്റെ നോട്ടം അന്തരിച്ചുപോയ ഒരു ആരാധ്യ പുരുഷന്റെ നോട്ടം എന്നുള്ള നിലയിൽ മാത്രമാണെങ്കിൽ അതു് ഇന്നു നമ്മുടെ ചിന്തയ്ക്കു വിഷയീഭവിക്കേണ്ട ആവശ്യമേഇല്ല. എന്നാൽ നാം സ്മരിക്കുകയും ആരാധിക്കുകയും ചെയ്യുന്നതു മരണമടഞ്ഞ ഒരു ക്രിസ്തുവിനെയല്ല; പ്രത്യുത മരിച്ചു് ഉയർത്തെഴുന്നേററു് ഇപ്പോഴും ജീവിക്കുന്ന ഒരു ക്രിസ്തുവിനെയാണ്. അങ്ങനെയാണെങ്കിൽ ആ നോട്ടത്തിനു അന്നെന്നപോലെ ഇന്നും പ്രസക്തിയും ശക്തിയുമുണ്ടു്. അന്നു പത്രോസിനെ

നോക്കിയ ആ കണ്ണുകൾ ഇന്നു നമ്മെയും നോക്കുന്നുണ്ട്. നമുക്കു വിശ്വാസമുണ്ടെങ്കിൽ ആ നോട്ടത്തിന്റെ സുഖദായകമായ ശക്തിക്കു നമുക്കു നമ്മെത്തന്നെ വിധേയമാക്കാൻ കഴിയും.

യേശുവിന്റെ നോട്ടംപോലെ മനുഷ്യനെ പാപത്തിൽനിന്നു പിന്തിരിപ്പിക്കുവാൻ കഴിയുന്ന മറ്റൊരു ശക്തി ലോകത്തിലില്ല. കർത്താവു നമ്മുടെ പാപത്തെ അതിന്റെ നഗ്നതയിൽ കാണുന്നു; എന്നാൽ പരിപൂർണ്ണ സ്നേഹത്തോടെയല്ലാതെ താൻ പാപിയെ ഒരിക്കലും സമീപിക്കുന്നില്ല. അങ്ങനെ സമീപിക്കുമ്പോഴെല്ലാം പാപമോചനം നൽകി പാപിയെ വിശുദ്ധീകരിച്ചു തന്റെ സ്നേഹത്തിൽ അവനെ പങ്കാളിയാക്കിത്തീർക്കണമെന്നുള്ളതാണ് തന്റെ ഉദ്ദേശം. അതു മാത്രമല്ല തനിക്കു പാപിയിലുള്ള വിശ്വാസം പുതുക്കുവാനും താൻ സദാ സന്നദ്ധനാണ്. തന്റെ മഹാ മനസ്കതയും ക്ഷമയും പാപമോചനവും എല്ലാവർക്കും ഒരുപോലെ പ്രാപ്യമാണെങ്കിലും ചിലർ അവയെ ദുരുപയോഗപ്പെടുത്തുകയും നിഷേധിക്കുകയും ചെയ്യുന്നു. കർത്താവു പത്രോസിനെ നോക്കിയതുപോലെ യൂദായേയും നോക്കി. പന്തവും കൊളുത്തിക്കൊണ്ടു് രാത്രിസമയത്തു ഗത്ശമേൻ തോട്ടത്തിലെത്തി ഗുരുവിനെ ഒറ്റിക്കൊടുക്കുവാൻ ശ്രമിച്ച ആ ശിഷ്യനെ കർത്താവു സ്നേഹപുരസ്സരം നോക്കി. എന്നാൽ ആ നോട്ടം നിഷ്പ്രയോജനമായി ഭവിച്ചു. അതിനു ലഭിച്ച ഉത്തരം വഞ്ചന നിറഞ്ഞ ഒരു ചുംബനമായിരുന്നു. കർത്താവിന്റെ സ്നേഹത്തെ കാണുവാൻ കഴിയാതവണ്ണം യൂദായുടെ കണ്ണുകൾ കുരുടായിപ്പോയി. അവന്റെ ഹൃദയത്തെ അവൻ കഠിനമാക്കിത്തീർത്തിരുന്നു. അതേ നോട്ടം തന്നെ പത്രോസിൽ മാനസാന്തരമുളവാക്കി. അവൻ പുറത്തുപോയി പൊട്ടിക്കരഞ്ഞു; പാപമോചനം പ്രാപിച്ചു. യൂദായോ നിരാശപ്പെട്ടു കെട്ടിഞാന്നു മരിച്ചു.

നല്ല അഗ്രഹങ്ങളോടുകൂടി കർത്താവിനെ അനുഗമിക്കുന്ന നമുക്കു പത്രോസിനുണ്ടായതു പോലെയുള്ള പരീക്ഷണഘട്ടങ്ങൾ ഉണ്ടാകും. പ്രധാനാചാര്യന്റെ നടുമുറ്റത്തു തണുത്തു വിറച്ചു തീ കാഞ്ഞുകൊണ്ടിരുന്ന അപരിചിതരുടെ മദ്ധ്യത്തിൽ ആ രാത്രിസമയത്തു് കേവലം ഒരു ഭൃത്യയോടു് ഒരു കള്ളം പറഞ്ഞു സ്വയ രക്ഷ നേടുവാൻ പത്രോസിനുണ്ടായ പരീക്ഷ പോലെ നമുക്കും ഉണ്ടാകുക സാധാരണമല്ലേ? സത്യത്തെ ബലികഴിച്ചു ധനവും കീർത്തിയും കൈവരുത്തുവാനോ, അശുദ്ധമായ വിചാരങ്ങൾക്കോ പെരുമാറ്റത്തിനോ വശംവദരാകുവാനോ നാം പരീക്ഷിക്കപ്പെടുമ്പോൾ കർത്താവു നമ്മെ നോക്കുന്നുണ്ടെന്നുള്ള കാര്യം നാം ഓർക്കണം. നമ്മുടെ പാപം അവന്റെ ഹൃദയത്തിനു വേദനയുളവാക്കുന്നുണ്ടെന്നു നാം മനസ്സിലാക്കണം. ആ സ്നേഹത്തിൽ ആശ്രയിക്കുവാനുള്ള കൃപയ്ക്കായി നാം പ്രാർത്ഥിക്കണം. അപ്പോൾ പാപത്തിൽ നിന്നു പിൻതിരിയുവാനുള്ള ശക്തി നമുക്കു ലഭിക്കും. കർത്താവിനോടുകൂടി സഹവസിക്കുന്നവർക്കു മാത്രമേ തന്റെ സഹായം പ്രതീക്ഷിക്കാവൂ. പരീക്ഷയിലകപ്പെടുമ്പോൾ മാത്രം നാം കർത്താവിനെ അന്വേഷിച്ചാൽ പോരാ. എപ്പോഴും തന്റെ സാന്നിദ്ധ്യത്തിൽ ജീവിക്കാൻ നാം ശ്രമിച്ചാൽ എപ്പോഴും തന്റെ സംരക്ഷണവും നമുക്കു ലഭിക്കും.

---

(5-ാം പേജിൽ നിന്നു തുടർച്ച)

രോട്ടംതന്നെ ഈ അടിസ്ഥാനത്തിൽ വാദപ്രതിവാദത്തിലേർപ്പെടുവാനെനിക്കു കൂസലില്ലായിരുന്നു. സ്കൂളിൽ പഠിക്കുന്ന കാലത്തു് ഇതരസഭാംഗങ്ങളായ എന്റെ സഹപാഠികളുമായി വാദപ്രതിവാദം നടത്തിയ ധാരാളമവസരങ്ങളുമുണ്ടായിട്ടുണ്ട്. സത്യമതുമാത്രമെന്നു പരിപൂർണ്ണമായി വിശ്വസിച്ചിരുന്നതിനാൽ അതുച്ചൈസ്തരം പ്രഘോഷിക്കേണ്ടതെന്റെ കടമയായി ഞാൻ കരുതിയിരുന്നു. നമ്മുടെ സഭയിലെ കക്ഷി വാശി മൂർദ്ധന്യതയിലിരുന്ന കാലത്താണ് ഞാൻ ജനിച്ചതും ബാല്യകാലം കഴിച്ചതും. മേൽവിവരിച്ച എന്റെ ചിന്താഗതിയുടെ പശ്ചാത്തലത്തിൽ എനിക്കക്കാലത്തു കാതോലിക്കോസുകക്ഷിയോടു അമിതമായ അതൃപ്തിയുണ്ടായിരുന്നു. ആ കക്ഷിയിലെ പള്ളിയാരാധനകളിൽ സംബന്ധിക്കുകയോ മതപരമായ ശുശ്രൂഷകളിൽ പങ്കുകൊള്ളുകയോ ചെയ്യുന്നതിനു് എനിക്കു വൈമനസ്യമുണ്ടായിരുന്നു. എന്നെ ആക്കാലങ്ങളിലറിയുന്ന ആളുകൾക്ക് ഇന്നുമീ സംഗതികളോർക്കാവുന്നതാണ്.

രണ്ടു്, ആദ്ധ്യാത്മീയ ജീവിതാകാംക്ഷ. സഭയെക്കുറിച്ചു മേൽ വിവരിച്ച അഭിപ്രായം എന്റെ ആശയഗതിയുടെ ഒരു ഭാഗം മാത്രമായിരുന്നു. മറുവശത്തു പരിപൂർണ്ണമായ ആദ്ധ്യാത്മീയ ജീവിതത്തെ ഞാനതിയായി കാംക്ഷിച്ചുപോന്നിരുന്നു. എന്നാലതു കേവലം വ്യക്തിപരമായ ഭക്തിജീവിതമെന്നു ഞാൻ കരുതിയിരുന്നില്ല. യഥാർത്ഥമായ ക്രിസ്തീയാദ്ധ്യാത്മീയജീവിതം അന്ത്യോക്യാ പാത്രിയർക്കീസുബാവാ അദ്ധ്യക്ഷനായിരിക്കുന്ന സഭയിൽ മാത്രമേ ലഭിക്കയൊള്ളു എന്നായിരുന്നു എന്റെ അഭിമതം. അതുകൊണ്ടു് സുറിയാനിസഭയുടെ ശരിയായ പാരമ്പര്യം അക്ഷരം പ്രതി പാലിച്ചു് പ്രാർത്ഥനാജീവിതത്തിൽ വളരണമെന്നു ഞാനഭിലഷിച്ചു.

ഹൈസ്കൂൾ വിജയിയായശേഷം ഈദൃശമായ ആദ്ധ്യാത്മീയ ജീവിതത്തിനു പറ്റിയ സാഹചര്യങ്ങൾ ലഭിക്കണമെന്നുള്ളതായിരുന്നു എന്റെ ഏറ്റം വലിയ ആഗ്രഹം. അതിനുവേണ്ടി ഏതു മാർഗ്ഗമവലംബിക്കണമെന്നു തലകാഞ്ഞു ചിന്തിച്ചു കഴിയുമ്പോഴാണ് ഏലിയാസ് പാത്രിയർക്കീസുബാവാ എന്റെ വീട്ടിൽ നിന്നും അകലെയല്ലാത്ത, മഞ്ഞിനിക്കരപ്പള്ളിയിൽ വന്നു് അവിടെ വച്ചു് ദിവംഗതനായതു്. ആ സംഭവത്തെ തുടർന്ന് അവിടെ ഒരു ദയറാ സ്ഥാപിതമായതു് എന്റെ ആത്മീയ ദാഹശമനത്തിനു് പറ്റിയ ഒരു മാർഗ്ഗമായി ഞാൻ കരുതി. പ്രതിദിനമെന്നവണ്ണം അവിടെ പോകുകയും, സനാതനമായ വേദശാസ്ത്രത്തിന്റെയും ആദ്ധ്യാത്മീയ ജീവിതനിർദ്ദേശങ്ങളുടെയും ഭണ്ഡാഗാരമെന്ന് ഞാനന്നു വിശ്വസിച്ചുപോന്ന സുറിയാനിഭാഷ പഠിച്ചുതുടങ്ങുകയും ചെയ്തു. ക്രമേണ ആ ഭാഷയിൽ വിരചിതമായ ഏതു ഗ്രന്ഥവും വായിച്ചു മനസ്സിലാക്കത്തക്ക ഭാഷാജ്ഞാനം ഞാൻ സമ്പാദിച്ചു. അന്നത്തെ എന്റെ അഭിവാഞ്ഛ പരിപൂർണ്ണമായ ആദ്ധ്യാത്മീയ ജീവിതത്തിൽ വളർന്ന്, കഴിവുള്ളത്രയും വേദശാസ്ത്രവിജ്ഞാനം പ്രാപിക്കണമെന്നും, അതിന്റെ അടിസ്ഥാനത്തിൽ സഭാസേവനം നിർവഹിക്കണമെന്നുംമാത്രമായിരുന്നു. സാമ്പത്തികോന്നമനത്തിനായി യത്നിക്കണമെന്നുള്ള യാതൊരാഗ്രഹവുമെനിക്കുണ്ടായിരുന്നില്ല. എന്റെ ജീവിതത്തെ ആ പന്ഥാവിൽ കൂടെയുള്ള സേവനനിർവഹണത്തിനു് ഏകാഗ്രമായി സമർപ്പിക്കുവാൻ പുരോഹിതനാകുന്നതാണ് നല്ലതെന്നു തോന്നിയതിനാൽ ഞാൻ പട്ടമേറ്റു. എന്റെ ചെറുപ്പകാലത്തെ നിശ്ചയം മറക്കുകയൊ വേദശാസ്ത്രവിജ്ഞാനവും ആത്മീയ ബോധവുമെന്നെ നയിക്കുന്ന വഴിക്കുപോകുവാൻ വിമുഖതപ്രദർശിപ്പിക്കുകയൊ ഇല്ലായെന്നു മനസ്സിലുറച്ചുകൊണ്ടു് ഞാൻ ദിവസങ്ങൾ കഴിച്ചുപോന്നു.

# വേദവായനക്കുറിപ്പുകൾ

## വി. യോഹന്നാന്റെ സുവിശേഷം

തിങ്കൾ. യോഹ. 1. 1–18

ഇതു് വെറുമൊരു മുഖവുരയല്ല. 1:19 മുതൽ 20:29 വരെയുള്ള സകല കാര്യങ്ങളുടെയും അടിസ്ഥാനമായി പറയുന്ന കാര്യങ്ങളാണീ ഭാഗത്തുള്ളതു്. ഇവിടെ പറയുന്നതിന്റെ തെളിവായിട്ടാണു് ഇനിയുള്ള ഭാഗങ്ങളെ കരുതേണ്ടതു്. സുവിശേഷത്തിന്റെ സാരാംശം ഈ പ്രഥമഭാഗത്തുണ്ടു്. യേശുനാഥന്റെ ജീവിതത്തിലെ പ്രധാനസംഭവങ്ങളുടെ അർത്ഥം ഈ പതിനെട്ടു് വാക്യങ്ങളിൽ നൽകപ്പെടുന്നു.

ഇതിന്റെ മുഴുവൻ ആശയം ലഭിക്കുന്നതിനായി, ഈ ഭാഗത്തിലുള്ള എട്ടു പ്രസ്താവനകളെ ഒരുമിച്ചെടുക്കാം. ആദ്യത്തെ മൂന്നു പ്രസ്താവനകൾ ഒന്നാം വാക്യത്തിലും രണ്ടാമത്തെ മൂന്നു് പതിന്നാലാം വാക്യത്തിലും മൂന്നാമത്തെ രണ്ടു പ്രസ്താവനകൾ പതിനെട്ടാം വാക്യത്തിലും കാണപ്പെടുന്നു.

1. ആദിയിൽ വചനം ഉണ്ടായിരുന്നു.
2. വചനം ദൈവത്തോടുകൂടെ ആയിരുന്നു.
3. ദൈവമായിരുന്നു വചനം.

വാക്യം. 1

4. വചനം ജഡമായിത്തീർന്നു.
5. വചനം നമ്മുടെയിടയിൽ വസിച്ചു.
6. (വചനം)കൃപയും സത്യവും നിറഞ്ഞവനായിരുന്നു.

വാക്യം. 14

7. ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല.
8. പിതാവിന്റെ മടിയിലിരിക്കുന്ന ഏകജാതനായ പുത്രൻ, അവനെ വ്യക്തീഭവിപ്പിച്ചിരിക്കുന്നു.

വാക്യം. 18

ഇതാണു് സത്യസുവിശേഷം. ഇവയിൽ ഒന്നാം വാക്യത്തിലുള്ള മൂന്നു് പ്രസ്താവനകളും പതിന്നാലാം വാക്യത്തിലുള്ള മൂന്നു് പ്രസ്താവനകളും തമ്മിലുള്ള അനുക്രമബന്ധത്തെ പരിശോധിക്കുക. അതായതു് 1-ാം പ്രസ്താവന വായിച്ചിട്ടു് 4-ാം പ്രസ്താവന വായിക്കുക. 2 കഴിഞ്ഞു് 5, 3 കഴിഞ്ഞു് 6, ഇങ്ങനെ വായിക്കുക.

എന്നിട്ടു് എന്തിനാണിതുണ്ടായതു്, ഇതുകൊണ്ടെന്തനുഭവം നമുക്കുണ്ടായി എന്നുള്ള ചോദ്യത്തിനു് മറുപടിയായി ഏഴും എട്ടും പ്രസ്താവനകളും വായിക്കുക.

ഇവയെക്കുറിച്ചു് ധ്യാനിക്കുക. ഈ മഹാത്ഭുതത്തിന്നായി ദൈവത്തെ സ്തോത്രം ചെയ്യുക.

ചൊവ്വാ. യോഹ. 1. 1–18(തുടർച്ച) കൊലോ: 1. 15–20

യോഹന്നാന്റെ സുവിശേഷത്തിന്റെ ഈ ഭാഗവും കൊലോസ്യലേഖനത്തിലെ പൌലൂസപ്പോസ്തലന്റെ പ്രഖ്യാപനങ്ങളും ഒരുമിച്ചു വായിച്ചു് താരതമ്യം ചെയ്യുക.

നസറേത്തിലെ ആശാരിയുടെ വീട്ടിൽ വളർന്നുവന്ന ഈ യഹൂദബാലൻ, സർവ്വ സൃഷ്ടികളുടേയും സ്രഷ്ടാവും നിയന്താവുമായ, ദൈവം തന്നെയാണെന്നുള്ളതാണു് ക്രിസ്തീയസുവിശേഷത്തിന്റെ അടിത്തറ.

“ആദിയിൽ” എന്ന പ്രാരംഭപദം, പഴയനിയമത്തിലെ ആദ്യപദത്തെ അനുസ്മരിപ്പിക്കുന്നു. (ഉല്പത്തി 1: 1 ആദിയിൽ ദൈവം ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ചു. ആ സ്രഷ്ടാവാണു് വചനം. ആ ആദിവചനമാണു് കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെയിടയിൽ കൂടാരമടിച്ചു പാർത്തതു് (1: 14ൽ) “പാർത്തു”) (എന്ന പദത്തിനു് കൂടാരമടിച്ചു് കുറെക്കാലം നമ്മുടെകൂടെ നമ്മിലൊരുവനായി ജീവിച്ചു എന്നുള്ള അർത്ഥമാണു് ഗ്രീക്കുഭാഷയിലുള്ളതു്”)

സർവ്വ ജീവന്റേയും ഉത്ഭവം അവനാണു്. മനുഷ്യരായ നമ്മുടെ ജീവൻ അവനിൽനിന്നും ലഭിച്ചിട്ടുള്ളതാണു്. എന്നാൽ നാം ജീവന്റെ നാഥനെ മരണത്തിന്നു് വിധിച്ചു. പക്ഷേ മരണം അവനെ പിടിച്ചടക്കിയില്ല. (1: 5, 1: 10–11) അവൻ പുതിയ ജീവനോടുകൂടെ ഉയിർത്തെഴുന്നേറ്റതുമൂലം ഇന്നു് നമുക്കു് ദൈവമക്കൾ ആയിത്തീരുന്നതിനുള്ള സ്ഥാനം ലഭിച്ചിരിക്കുന്നു. (1: 12)

തന്നിൽനിന്നാണു് ജീവൻ സർവ്വ ജീവജാലങ്ങൾക്കും ലഭിക്കപ്പെടുന്നതു്. എന്നാൽ മനുഷ്യനിൽ ഈ ജീവൻ ഒരു പുതിയ ശക്തിയായിത്തീർന്നു—വെളിച്ചം ദൈവത്തെ അറിയുവാനുള്ള ശക്തി. അതിനെയില്ലാതാക്കിത്തീർക്കാൻ ഇരുട്ടിന്റെ ശക്തികൾ ശ്രമിച്ചു. ആ ശ്രമത്തിന്റെ പരമാവധിയായിരുന്നു, ക്രൂശിൽ വെളിച്ചത്തിന്റെ നാഥനെയവസാനിപ്പിക്കുവാനുള്ള ശ്രമം. ആ സംരംഭംമൂലം തന്നെ ഇന്നു നമുക്കു് കൂടുതൽ മഹിമയുള്ള വെളിച്ചമുണ്ടായിരിക്കുന്നു. ദൈവത്തെ നാം പിതാവായി അറിയുന്നു.

ബുധൻ. യോഹ. 1: 1–18(തുടർച്ച) ഉല്പത്തി 1: 1–5, 26–31
സദൃശവാക്യങ്ങൾ 8: 22–36

പഴയനിയമത്തിലെ ഈ ഭാഗങ്ങളും സുവിശേഷത്തിന്റെ ആദ്യഭാഗവുമായുള്ള ബന്ധത്തെക്കുറിച്ചു് ധ്യാനിക്കുക. ഉല്പത്തി പുസ്തകത്തിൽ വിവരിക്കുന്നതു ആദ്യത്തെ സൃഷ്ടി. ഇവിടെ വിവരിക്കുന്നതു് രണ്ടാമത്തെ സൃഷ്ടി. രണ്ടും “വചനം”മൂലമാണുണ്ടാകുന്നതു്. ഈ വചനം വെളിച്ചമാകുന്നു, ഈ വചനം ബുദ്ധിയാകുന്നു, ശാസ്ത്രം സത്യത്തെ അന്വേഷിച്ചു് സർവ്വ സൃഷ്ടിയേയും അപോദ്ധരിച്ചു് പഠിക്കുന്നു. എന്നാൽ യഥാർത്ഥമായ ജ്ഞാനം ഉത്ഭവിക്കുന്നതു് സൃഷ്ടിയിൽ നിന്നല്ല, സ്രഷ്ടാവായ വചനത്തിൽനിന്നാകുന്നു. ആ വചനത്തെയനുസരിപ്പാൻ സന്നദ്ധതയുള്ളവർ മാത്രമേ സൃഷ്ടിയുടെ പോലും അർത്ഥം മനസ്സിലാക്കുവാൻ കഴിവുള്ളവരായിത്തീരുകയുള്ളൂ. സകല ശാസ്ത്രീയജ്ഞാനത്തേയും പരിപൂർണ്ണമാക്കുന്നതും യഥാസ്ഥാനപ്പെടുത്തുന്നതുമായിട്ടുള്ളതു്, വചനമായ ക്രിസ്തുവിൽനിന്നും ബുദ്ധി ലഭിക്കുകയെന്നതാകുന്നു. ആ വചനത്തെ നിരാകരിച്ചുകൊണ്ടു് മറ്റെന്തെല്ലാം ചെയ്താലും അതെല്ലാം നാശകാരണം മാത്രമായിത്തീരുന്നു. (സദൃശവാക്യങ്ങൾ 8: 32–36 വീണ്ടും വായിക്കുക) ഇന്നു് ശാസ്ത്രം അതിന്റെ ജ്ഞാനത്തെ തന്നെ ഭയപ്പെട്ടുകൊണ്ടു് നാശത്തെയഭിമുഖീകരിച്ചു് വിറങ്ങലിച്ചുനിൽക്കുകയാണു്. “എന്നെ കണ്ടെത്തുന്നവൻ ജീവനെ കണ്ടെത്തുന്നു. അവൻ യഹോവയുടെ കടാക്ഷം പ്രാപിക്കുന്നു.

“ക്രിസ്തു—ലോകത്തിന്റെ പ്രത്യാശ”

വ്യാഴം. യോഹ. 1. 1–18(തുടർച്ച) (മത്തായി 3: 1–3, മർക്കോ. 1: 1–4, ലൂക്കോ. 3: 1–6)

ഈ പുതിയ സൃഷ്ടിയുടെ വിവരണം ആരംഭിക്കുന്നതു് യോഹന്നാൻസ്നാപകനെപ്പററിയുള്ള സൂചനകളോടുകൂടിയാണു്. നാലു സുവിശേഷങ്ങളും ആരംഭിക്കുന്നതു് യോഹന്നാന്റെ വേലയെപ്പററിയുള്ള വിവരണങ്ങളോടുകൂടിയാണു്

വചനവും ആദ്യസൃഷ്ടിയുമായുള്ള ബന്ധം കാണിച്ചിട്ടു് ആ ആദിമവചനം, നിതാന്തവചനം, തന്നെയാണു് ഇപ്പോൾ പുതിയ സൃഷ്ടിയിൽ പ്രവേശിക്കുന്നതെന്നു് സുവിശേഷകൻ കാണിക്കുന്നു. ഒരു പുതിയ ഖണ്ഡികയുടെ ആരംഭമാണു് 1: 6ലും 1: 15ലും

നാം കാണേണ്ടതു്.

ഈ പുതിയ സൃഷ്ടിയുടെ പ്രാരംഭത്തിൽ സ്നാപകനെ കാണുന്നുവെങ്കിലും അതിന്റെ അടിസ്ഥാനം ആ മനുഷ്യനിലല്ലെന്നും, പുതിയ സൃഷ്ടിയുടെ ആരംഭത്തെ പ്രഖ്യാപിക്കുവാൻ വേണ്ടി ദൈവത്തിൽനിന്നും നിയുക്തനായവൻ മാത്രമാണു യോഹന്നാൻ എന്നു് കാണിക്കുവാൻ സുവിശേഷകർത്താവ് വളരെ അഗ്രഹിക്കുന്നു. എന്നാൽ ദൈവം ആദിമുതൽ ആരംഭിച്ചിരിക്കുന്ന രക്ഷാവേലയുമായി ബന്ധമൊന്നുമില്ലാത്ത ഒരു സംഗതിയല്ല ഇതു്. ഇസ്രയേൽ ചരിത്രവുമായി അഭേദ്യബന്ധമുള്ള ഒരു ദൈവകൃത്യമാണിതു്. ഇസ്രായേൽ ബന്ധംമൂലം താൻ ആരംഭിച്ച രക്ഷാമാർഗ്ഗത്തിന്റെ പരിപൂരണമാണിതു്. ഇസ്രായേൽ ജനതയുടെ ഔദ്യോഗിക പ്രതിനിധിയായി ദൈവത്തിൽനിന്നും നിയുക്തനായവനാണു് വി. സ്നാപകൻ (1: 6) മനുഷ്യരിൽനിന്നല്ല ഈ സുവിശേഷത്തിന്റെ ഉത്ഭവം. യാതൊന്നുകൊണ്ടും മാറിപ്പോകുവാൻ നിവൃത്തിയില്ലാത്ത ദൈവത്തിന്റെ ഉദ്ദേശത്തിലാണു് സുവിശേഷത്തിന്റെ അടിസ്ഥാനവും നമ്മുടെ പ്രത്യാശയും.

വെള്ളി 1: 19-28.

രണ്ടു സാക്ഷികളെയാണു് നാം ഇവിടെ കാണുന്നതു്. തന്റെ മുഖ്യപ്രഖ്യാപനങ്ങളെ അറിയിച്ചശേഷം വിടവാങ്ങി തിരശ്ശീലയ്ക്കു് പിന്നിൽ മറയുന്ന ന്യായപ്രമാണപ്രതിനിധിയായ യോഹന്നാൻ സ്നാപകൻ; അതേസമയം തന്നെ ഏഴു് അത്ഭുതപ്രവൃത്തികളുടേയും ജ്ഞാനപ്രഭാഷണങ്ങളുടേയും മാർഗ്ഗത്തിൽകൂടെ പുതിയ സൃഷ്ടിക്കു് സാക്ഷ്യം വഹിച്ചുകൊണ്ടു് മുന്നോട്ടുവരുന്ന ക്രിസ്തീയസാക്ഷിയായ യോഹന്നാൻ സുവിശേഷകൻ.

ഈ ഖണ്ഡികയിൽ നാം കാണുന്നതു് ഇസ്രായേൽ ജനതയോടു് സാക്ഷ്യം വഹിപ്പാൻവേണ്ടി ദൈവം നിയോഗിച്ചിട്ടുള്ള സ്നാപകൻ, യഹൂദരുടെ ചില ചോദ്യങ്ങൾക്കു മറുപടി പറയുകയും, ആ മറുപടിയോടുകൂടി അവരുടെ സകല ചോദ്യങ്ങളുടേയും സമാധാനമായ യേശു മിശിഹായിലേക്കു അവരുടെ ശ്രദ്ധയെ ആകർഷിക്കുകയും ചെയ്യുന്നതാകുന്നു.

യഹൂദലോകം മുഴുവൻ തങ്ങളുടെ സമുദ്ധാരകനും സംരക്ഷകനുമായ ഒരു മിശിഹായെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന കാലമായിരുന്നു അതു്. (യോഹ: 6: 14, 7: 40, ആവർത്ത 18: 15, 18) പലരും തങ്ങളാകുന്നു മിശിഹായെന്നു് പറഞ്ഞു സംഘങ്ങളുണ്ടാക്കുകയും പ്രസംഗിക്കുകയും വിപ്ളവമുണ്ടാക്കുകയുമൊക്കെ പതിവായിരുന്നു. തേജോമയനും ഊർജ്ജസ്വലനുമായ യോഹന്നാൻ സ്നാപകനെക്കണ്ടപ്പോൾ ഊർശ്ലേമിലെ യഹൂദമതാധികൃതർക്കു്, ഇയാൾ മിശിഹായാണോയെന്നു് യഥാർത്ഥത്തിൽ സംശയം തോന്നുകയും അതിനു സമാധാനം ഈ ആളോടുതന്നെ ചോദിക്കുവാൻ പ്രതിനിധികളെ നിയോഗിക്കുകയും ചെയ്തതിനെത്തുടർന്നുണ്ടായ സംഭവമാണു് ഇവിടെ വിവരിക്കുന്നതു്.

1: 21—ലെ ചോദ്യത്തിന്റെ അർത്ഥം മനസ്സിലാകുവാൻ താഴെ കാണുന്ന വാക്യങ്ങൾ നോക്കുക. മലാഖി: 4:5 ആവർത്ത 18: 15, 18

ശനി: യോഹ: 1: 19-28 (തുടർച്ച)

ഇവരുടെ ചോദ്യങ്ങൾക്കു നൽകിയ സമാധാനത്തിന്റെ ആദ്യഭാഗത്തെ യഹൂദമതം സ്വീകരിച്ചു. യോഹന്നാൻ ഒരു ശബ്ദം മാത്രമാണെന്നു അവർ അംഗീകരിച്ചു. എന്നാൽ സ്നാപകന്റെ സമാധാനത്തിന്റെ രണ്ടാംഭാഗത്തെ അവർ ധരിച്ചില്ല. യേശുക്രിസ്തുവാണു് യഥാർത്ഥരക്ഷകൻ എന്നു വിശ്വസിക്കുവാൻ അവർക്കു സാധിച്ചില്ല.

ഈ സുവിശേഷത്തിലുള്ള യേശുവിന്റെ പ്രഭാഷണങ്ങളിലെല്ലാം പ്രധാനമായി കാണപ്പെടുന്ന "ഞാൻ ആകുന്നു" (എഗോ എയ്മി) എന്ന രണ്ടുപദങ്ങൾ (ഉദാ: 4: 26, 6: 35, 8: 12, 8: 59 10: 7, 9—ഈ പദങ്ങളുടെ പശ്ചാത്തലം പുറപ്പാടു 3: 14-ൽ നോക്കുക) യോഹന്നാൻ സ്നാപകൻ ഉപയോഗിക്കുന്നേയില്ല. ഈ പദങ്ങളാണു് യേശുവിന്റെ വചനങ്ങൾക്കു് യഹോവയുടെ വചനങ്ങളോടു് സമമായ അധികാരം നൽകുന്നതു്.

യോഹന്നാൻ സ്നാപകനും യേശുമിശിഹായും തമ്മിലുള്ള ബന്ധം താരതമ്യപ്പെടുത്താവുന്ന ഒന്നല്ല. യജമാനനും ഭൃത്യനും എന്നതു പോലുള്ളതുമല്ല. (1;27) പരിപൂർണ്ണ വ്യത്യസ്തതയുള്ള രണ്ടു വ്യവസ്ഥിതികളെയാണു് അവർ പ്രതിനിധീകരിക്കുന്നതു്. താൻ ഒരു ചൂണ്ടാണികല്ലുമാത്രം, ഒരു ശബ്ദമാത്രം എന്നു് സ്നാപകൻ സ്വയംസമ്മതിക്കുന്നു.

ഇന്നു് ക്രിസ്തുവിന്റെ നാമം പ്രഖ്യാപിക്കുവാനും, മാമോദീസാമുതലായ കൂദാശകളെ അനുഷ്ഠിക്കുവാനും, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടിനെ മനുഷ്യർക്കു ചൂണ്ടിക്കാണിക്കുവാനും വേണ്ടി ദൈവത്താൽ നിയുക്തരായിട്ടുള്ള സഭാധികൃതരും പുരോഹിതരും പ്രാസംഗികരും ആരുമായ നേതാക്കന്മാരും യോഹന്നാൻ സ്നാപകനെ തങ്ങളുടെ മാതൃകയായി സ്വീകരിക്കുവാൻ ദൈവം സംഗതി വരുത്തട്ടെ.

**THE BANK OF NEW INDIA Ltd.**

**H. O. TRIVANDRUM**

BOARD OF DIRECTORS:

Sri. K. George B. A., Trivandrum (Chairman).
,, E. J. Philipose B. A. B. L. Trivandrum
,, N. O. Inasu, Trichur,
,, P. C. Kurian M. A. B. L., Madras.
,, C. J. John B. A. Kottayam.
,, P. T. Varughese, Perumpavoor.
,, P. K. Chacko, Alwaye.

K. E. CHERIAN,
General Manager.

നിഖ്യാവിശ്വാസപ്രമാണം 9

# ദൈവത്തിൻെറ ഏകപുത്രൻ

## II

(റവ. ഡീക്കൻ എം. വി. ജോർജ്ജ് എം. എ. എസ്. ടി, എം.)

നിഖ്യാവിശ്വാസപ്രമാണത്തിൻെറ രണ്ടാം ഖണ്ഡികയിൽ പിതാക്കന്മാർ യേശുക്രിസ്തുവിൻെറ നാമവിശേഷണങ്ങളായി പറഞ്ഞിരിക്കുന്ന ചില പ്രത്യേകപദങ്ങൾ വേദപുസ്തകത്തിൽ നിന്നുള്ള ഉദ്ധരണികൾ അല്ലാത്തതുകൊണ്ടു് അവയുടെ യാഥാർത്ഥ്യത്തെ ചോദ്യം ചെയ്യുന്നവർ ആധുനികകാലത്തും ഇല്ലാതില്ല. സഭാപിതാക്കന്മാരെ ഇക്കാലത്തു് പ്രോട്ടസ്റ്റൻറു വേദശാസ്ത്രജ്ഞന്മാരിലും അനേകർ പൂർവ്വാധികം ബഹുമാനിക്കുന്നുണ്ടെന്നുള്ളതു ഏതായാലും ആശ്വാസകരം തന്നെ. കാൾബാർത്തു' എന്ന വേദശാസ്ത്രപണ്ഡിതൻ ഇപ്രകാരം പറയുന്നു. "For there is something barbaric in this scolding at the Fathers. I should think even if one is not a christian one should have enough respect to realise that the problem has been described here (in the Nicene Creed) in a grand manner. യേശുക്രിസ്തുവിനെക്കുറിച്ചു നിഖ്യാവിശ്വാസപ്രമാണത്തിൽ പിതാക്കന്മാർ പ്രത്യേകം പറഞ്ഞിരിക്കുന്ന വിവരണങ്ങൾ ഏററവും ശ്രേഷ്ഠങ്ങളാണെന്നും പിതാക്കന്മാരെ പുച്ഛിക്കുന്നതു് വെറും അപരിഷ്കൃതരീതിയാണെന്നും അത്രെ അദ്ദേഹം പറയുന്നതു്.

ഏഴുകാര്യങ്ങൾ തൻെറ മനുഷ്യാവതാരം പറയുന്നതിനു മുമ്പുതന്നെ യേശുക്രിസ്തുവിനെക്കുറിച്ചു നിഖ്യാവിശ്വാസപ്രമാണത്തിൽ നാം ഏററുചൊല്ലുന്നു.

അവ ഏഴും യേശുക്രിസ്തുവിൻെറ അദ്വിതീയതയെ ചൂണ്ടിക്കാണിക്കുന്ന പദപ്രയോഗങ്ങളത്രെ. മററു ലോകത്തിൽ ജനിച്ചിരിക്കുന്ന ആരെക്കുറിച്ചും ഇവയിൽ ഒന്നുപോലും പറയുവാൻ സാദ്ധ്യമല്ല.

1. നിത്യപുത്രത്വം. "ദൈവത്തിൻെറ ഏകപുത്രൻ"

2. ആദ്യന്തവിഹീനത്വം. സർവ്വലോകങ്ങൾക്കും മുമ്പിൽ പിതാവിൽനിന്നു ജനിച്ചവൻ"

3. വെളിച്ചങ്ങളുടെ ഉറവ. "പ്രകാശത്തിൽ നിന്നുള്ള പ്രകാശം".

4. ദൈവത്വം. "സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും"

5. ആരംഭമില്ലാത്ത ജനനം. "ജനിച്ചവനും സൃഷ്ടിയല്ലാത്തവനും"

6. ത്രിത്വത്തിൽ പിതാവിനോടു് അഭേദ്യത. "സാരാംശത്തിൽ പിതാവിനോടു് ഏകത്വമുള്ളവനും"

7. സ്രഷ്ടാവു് "തന്നാൽ സകലവും നിർമ്മിക്കപ്പെട്ട എന്നവനും" (തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവൻ എന്നു സാധാരണ പലരും ചൊല്ലുന്നതു് യേശുക്രിസ്തു നിർമ്മിക്കപ്പെട്ടവനാണെന്നുള്ള തെററിദ്ധാരണ ഉണ്ടാക്കുന്നതാകയാൽ നിർമ്മിക്കപ്പെട്ട എന്നവനും എന്നു തന്നെ ചൊല്ലണം)

അടുത്ത ലക്കത്തിൽ

നമ്പർ 10

പ്രകാശത്തിൽ നിന്നുള്ള പ്രകാശം.

യേശുക്രിസ്തു ദൈവത്തിൻെറ ഏകപുത്രനാണെന്നു് നിഖ്യാവിശ്വാസപ്രമാണത്തിൽ അനുദിനം നാം ഏററുപറയുമ്പോൾ വി: വേദപുസ്തകത്തിലുള്ളതും സഭയുടെ അടിസ്ഥാനതത്വവുമായ ഒരു സത്യമാണു് ഉരുവിടുന്നതു് എന്നു മുമ്പു പറഞ്ഞുവല്ലൊ. തൻെറ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനുമാണു നശിച്ചു പോകാത്തതു്. (യോ: 3: 16) ശദരെ ദേശത്തെ പിശാചുപോലും "മഹോന്നതനായ ദൈവത്തിൻെറ പുത്രാ" എന്നാണു് യേശുമശിഹായെ സംബോധന ചെയ്തിരിക്കുന്നതു്. (ലൂ: 8: 28) ഓരോ ക്രിസ്ത്യാനിയും ജീവിക്കുന്നതു്" തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ. (ഗലാ: 2: 20) "സ്നേഹസ്വരൂപനായ പുത്രൻ" എന്ന പേരിനും അർഹനായ വേറാരുമില്ല. (കൊലോ: 1: 13)

യേശുക്രിസ്തു താൻ ദൈവപുത്രനാണെന്നു പറഞ്ഞപ്പോൾ യഹൂദന്മാർ അവനെ എറിയുവാൻ കല്ലെടുത്തു. ഭാരതത്തിൽ ഞാൻ ദൈവമാകുന്നു എന്നു ആരെങ്കിലും പറഞ്ഞാൽ അവനെ കല്ലെറിയുവാൻ ആരും ഭാവിക്കയില്ല എന്നുമാത്രമല്ല 'അഹംബ്രഹ്മാസ്മി' എന്ന അറിവിലേക്കവൻ എത്തിച്ചേർന്നതുകൊണ്ടു സന്തോഷിക്കയും ചെയ്യും. The scandal of particularity (ഏകൻ മാത്രം എന്ന തടങ്കൽ പാറ) ആയിരിക്കും ഹൈന്ദവചിന്തകന്മാർക്കു ഗ്രഹിക്കുവാൻ പ്രയാസമായിട്ടുള്ളതു്. യഹൂദന്മാർക്കു ഇടർച്ചയും യവനന്മാർക്കു തടങ്കൽ പാറയുമായിരിക്കുന്ന യേശുക്രിസ്തു ദൈവത്തിൻെറ നിത്യസത്യപുത്രൻ എന്നുള്ള സത്യം ആധുനിക കാലത്തു ക്രിസ്ത്യാനികളായ നാം ശക്തിയുക്തം പ്രഘോഷിക്കേണ്ടതത്രേ.

വെറും തത്വജ്ഞാനപരമായ ചിന്തകൊണ്ടല്ല, പ്രത്യുത, ക്രിസ്തീയ അനുഭവയാഥാർത്ഥ്യം കൊണ്ടാണു് ദൈവത്തിൻെറ ഏകപുത്രനായ ക്രിസ്തുവിൽ ഒരുവനു വിശ്വാസം ആഴമാകുന്നതു്. കടലിൽ മുങ്ങിപ്പോയ പത്രോസിനെ കൈനീട്ടി രക്ഷിച്ചുകഴിഞ്ഞപ്പോൾ "പടകിലുള്ളവർ നീ ദൈവപുത്രൻ സത്യം" എന്നു പറഞ്ഞു് അവനെ നമസ്കരിച്ചു. (മത്താ: 14: 33) ക്രൂശിൽ കിടന്നുകൊണ്ടു് ശത്രുക്കൾക്കു വേണ്ടി താൻ പ്രാർത്ഥിക്കുന്നതു കേട്ടപ്പോൾ വലത്തുഭാഗത്തെ കള്ളൻ ആ ദൈവപുത്രനോടു് "നീ രാജത്വം പ്രാപിച്ചുവരുമ്പോൾ എന്നേയും ഓർത്തുകൊള്ളേണമേ" എന്നപേക്ഷിച്ചു. തൻെറ ഐഹലോകജീവിതകാലത്തു് അശുദ്ധാത്മാക്കളും അവനെകാണുമ്പോൾ ഒക്കെയും അവൻെറ മുമ്പിൽ വീണു് നീ ദൈവപുത്രൻ എന്നു നിലവിളിച്ചു പറയുമായിരുന്നു." (മർക്കൊ. 3: 11. യോഹ. 1:49) യോഹന്നാൻ മാംദാനാ പരിശുദ്ധാത്മാവു പ്രാവുപോലെ ഇറങ്ങുന്നതു കാണുകയും തൽഫലമായി "ഇവൻ ദൈവപുത്രൻ" എന്നു സാക്ഷ്യം പറയുകയും ചെയ്തിരിക്കുന്നു. വി. വേദപുസ്തകപ്രകാരം യേശുക്രിസ്തു ദൈവത്തിൻെറനിത്യപുത്രനാണെന്നുള്ള വിശ്വാസമാണു് രക്ഷയ്ക്കു നിദാനമായിരിക്കുന്നതു്.

"യേശു ദൈവപുത്രൻ എന്നു സ്വീകരിക്കുന്നവനിൽ ദൈവവും അവൻ ദൈവത്തിലും വസിക്കുന്നു." (1 യോഹ. 4: 15) ഈ വിശ്വാസത്തിനത്രേ 'ലോകത്തെ ജയിച്ച ജയം' എന്നു പേരു പറഞ്ഞിരിക്കുന്നതു്. ഈ വിശ്വാസത്തിനു വേണ്ടിയാണു് അനേകക്രിസ്ത്യാനികൾ രക്തസാക്ഷിമരണത്താൽ വീരസ്വ

Licence No. 498 Dated 20-8-1946 Reg. M. 5268

THE CHURCH WEEKLY

ർശം പ്രാപിച്ചതു്.'' ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ. യേശു ദൈവപുത്രൻ എന്നു വിശ്വസിക്കുന്നവനല്ലാതെ ആരാണു ലോകത്തെ ജയിക്കുന്നതു്? (1 യോ. 5: 4,5) ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കാണു് നിത്യജീവനുള്ളതെന്നത്രേ യോഹന്നാൻ ശ്ലീഹാ തീർത്തുപറഞ്ഞിരിക്കുന്നതു്. (1 യോ. 5: 13)

ആദാം ദൈവത്തിന്റെ മകൻ എന്നു ലൂക്കോസ് 3: 38-ൽ പറഞ്ഞിരിക്കുന്നതുപോലെയല്ല യേശുക്രിസ്തുവിനെ ദൈവപുത്രൻ എന്നു പറഞ്ഞിരിക്കുന്നതു്. ചരിത്രത്തിൽ സൃഷ്ടിയുടെ തലവൻ എന്ന നിലയിലാണു് ആദാമിനെ ദൈവത്തിന്റെ മകൻ എന്നു പറഞ്ഞിരിക്കുന്നതു്. യേശുക്രിസ്തുവാകട്ടെ സൃഷ്ടിയല്ല, സ്രഷ്ടാവാണു്. തന്മൂലം അവന്റെ പുത്രത്വം ചരിത്രാതീതവും നിത്യവുമാണു്. മനുഷ്യാവതാരത്തിനു മുമ്പും പിമ്പും അവൻ ദൈവപുത്രൻ തന്നെ. ആദിയിൽ വചനമുണ്ടായിരുന്നു എന്നതിനു പകരം ആദിയിൽ ദൈവത്തോടുകൂടി തന്നെ തന്റെ പുത്രനുമുണ്ടായിരുന്നു എന്നു പറഞ്ഞാലും അർത്ഥം ഒന്നു തന്നെ. ഉയിർത്തെഴുന്നേറ്റ ശേഷവും മനുഷ്യപുത്രനെന്നു കൂടെ പേരുള്ള ഈ ദൈവപുത്രനെയാണു് സ്തേഫാനോസ് ദൈവത്തിന്റെ വലത്തു ഭാഗത്തു കണ്ടതു് (അപ്പോ. 7: 56) ഇതിൽ നിന്നു് ആദാമ്യപുത്രത്വം പോലെയല്ല യേശുക്രിസ്തുവിന്റേതെന്നു മനസ്സിലാക്കാമല്ലോ.

റോമാലേഖനം 1—ാം അദ്ധ്യായം 5—ാം വാക്യത്തിൽ "ജഡം സംബന്ധിച്ചു ദാവീദിന്റെ സന്തതിയിൽ നിന്നു ജനിക്കുകയും മരിച്ചിട്ടു് ഉയിർത്തെഴുന്നേൽക്കയാൽ വിശുദ്ധിയുടെ ആത്മാവു സംബന്ധിച്ചു ദൈവപുത്രൻ എന്നു് ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തവൻ" എന്നു് യേശുക്രിസ്തുവിനെ കുറിച്ചു് പറഞ്ഞിരിക്കുന്നതിൽ നിന്നു ഉയിർത്തെഴുന്നേല്പുമുതലാണു് താൻ ദൈവപുത്രൻ എന്നു നിർണ്ണയിക്കപ്പെട്ടതു് എന്നു വാദിച്ചാൽ അതു വേദവിപരീതമായിരിക്കും. ആ വേദവിപരീതത്തിന്റെ പേരു് Adoptionism (ദത്തെടുപ്പു്) എന്നാണു്. പൗലോസ് ശ്ലീഹാ യേശുക്രിസ്തുവിനെ ദൈവത്തിന്റെ നിത്യപുത്രനായിമാത്രമല്ല, ദൈവമായിത്തന്നെ കരുതിയിരുന്നു എന്നു് റോമാലേഖനത്തിൽ തന്നെ തെളിവുണ്ടു്. "ജഡപ്രകാരവും ക്രിസ്തുവും അവരിൽനിന്നല്ലോ ജനിച്ചതു്. അവൻ സർവ്വത്തിനും മീതെ ദൈവമായി എന്നേക്കും വാഴ്ത്തപ്പെട്ടവൻ'' (9: 5) യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം തന്നെ ഒരു താണിറങ്ങൽ എന്ന നിലയിലാണു് പൗലോസ് ശ്ലീഹാ തന്നെ പലയിടത്തും വിവരിച്ചിട്ടുള്ളതു്. "നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിനു് നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ'' (2. കൊരി. 8: 9) യേശുക്രിസ്തുവിൽ കൂടെ നമ്മെ പുത്രത്വത്തിലേക്കു ദത്തെടുത്തിരിക്കുന്നു എന്നല്ലാതെ നമ്മുടെ രക്ഷിതാവു് ദത്തുപുത്രനല്ല. അവൻ മാത്രം ദൈവത്തിന്റെ നിത്യപുത്രനും അവകാശിയും, ദൈവത്തോടു സമത്വമുള്ളവനുമായി പരിശുദ്ധാത്മാവിനോടൊരുമിച്ചു് വിശുദ്ധ ത്രിത്വത്തിൽ സ്ഥിതിചെയ്യുന്നു. ഒന്നാം ആദാം നഷ്ടപ്പെടുത്തിയ ദൈവസാദൃശം ഈ രണ്ടാം ആദാമായ ക്രിസ്തുവിന്റെ തിരുമുഖത്തിലത്രെ ശോഭിക്കുന്നതു്. അതിനാൽ വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാർ അവരുടെ രക്ഷാനായകനെ നോക്കിക്കൊണ്ടു പറയുന്നു: "ദൈവത്തിന്റെ ഏകപുത്രനായ യേശുക്രിസ്തുവിൽ ഞങ്ങൾ വിശ്വസിക്കുന്നു.''

## കലക്കവെള്ളത്തിൽ . . . .

സുറിയാനിസഭയിലെ കലഹങ്ങൾ പറഞ്ഞുതീർക്കുന്നതിനുള്ള ശ്രമങ്ങൾ ഇനിയും പര്യവസാനിച്ചിട്ടില്ല. സഭാസ്നേഹികളായ സാധാരണക്കാർക്കു ആവശ്യമില്ലാത്ത ഈ കേസും വഴക്കും ആത്മാർത്ഥതയും സഭാസ്നേഹവും ഉണ്ടെങ്കിൽ അഞ്ചു മിനിട്ടുകൊണ്ടു പറഞ്ഞുതീർക്കാനുള്ളതേയുള്ളുവെന്നാണു് സാധാരണക്കാരുടെ വിശ്വാസം വിചാരവും. സഭയിലെ ഭിന്നിപ്പിൽ മുതലെടുക്കുന്ന ചില ശക്തികൾ തങ്കക്കാശുകൾ അടങ്ങിയ കൊഴുക്കട്ടകൾ നീട്ടുന്നു. സമുദായാഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവർപോലും "സമത്വസുന്ദരമായ ഭാവി കെട്ടിപ്പടുക്കുന്നതിനുവേണ്ടി'' പരീക്ഷിക്കപ്പെടുന്നുണ്ടെന്നും ഉള്ള നഗ്നയാഥാർത്ഥ്യങ്ങൾ ഹൃദയവേദനയോടുകൂടി മാത്രമേ സ്മരിക്കുവാൻ നിവൃത്തിയുള്ളു.

**ജയഭാരതം ആര്യവൈദ്യശാല (Regd.)**

**H. O. പുനലൂർ.**

**ഏജൻസികൾ**—അഞ്ചൽ, അടൂർ, ആയൂർ, കൊട്ടാരക്കര, കുന്നിക്കോട്, കല്ലിശ്ശേരി, എഴുകോൺ, സദാനന്ദപുരം, ചിരട്ടക്കോണം, ചാത്തന്നൂർ, പാണ്ടനാട്, ചെങ്ങമനാട്, ഉമ്മന്നൂർ.

ഏറ്റവും നല്ല ആയുർവേദഔഷധങ്ങൾ മിതമായ വിലയ്ക്കു ഹെഡാഫീസിലും ഏജൻസികളിലും വില്പനയ്ക്കുണ്ടായിരിക്കുന്നതാണു്. ആകർഷകമായ വ്യവസ്ഥകളിൽ എല്ലാ സ്ഥലത്തും ഏജൻസികൾ കൊടുക്കുന്നുണ്ടു്. കൂടുതൽ വിവരങ്ങൾക്കു് എഴുതുക.

**പ്രധാനവൈദ്യൻ**

**പി. ഒ. തോമ്മസ് വൈദ്യൻ, വൈദ്യകലാനിധി**

**പുനലൂർ**

Printed and Published by N. M. Abraham B. A. at the Malayala Manorama Press, Kottayam